
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 32 THE ONLINE OFFICIAL NEWS BULLETIN 2024 July 18

SEASON OF PENTECOST പെന്തിക്കോസ്തികാലം ܥܕܢܐ ܕܦܢܛܝܩܘܣܛܝ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
♪8 9th Sunday after Pentecost 21	♪4  Comme. of Mary Magdelene 22	♪8  25th Mem. of Geevarghese Mar Diascoros, Metropolitan (Ranni Holy Trinity Ashram) 87th Mem. of Fr. Noronah 23	♪4 24	♪8 Comme. of Mar Epiphanios 25	♪4 26	♪8  Comme. of Mar Simon the Stylite 27



കുന്നംകുളം ആർത്താറ്റ് അരമനയിൽ സഭാ തേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് രണ്ടാമൻ മലങ്കര മെത്രാപ്പോലീത്തായുടെയും, പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടേയും സംയുക്ത ഓർമ്മപ്പെരുന്നാളിന് പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു.



മലങ്കര സഭയുടെ കോട്ടയം സെൻട്രൽ ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തായായി ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസിനെ നിയമിച്ചുകൊണ്ടുള്ള കല്പന പ. മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നൽകുന്നു. ജൂലൈ 15-ന് ചുമതല ഏറ്റെടുത്തു.



MGOCSM Senior Friends' Meet.



ചെങ്ങന്നൂർ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജന പ്രസ്ഥാനത്തിന്റെ പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനം പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.



ഓർത്തഡോക്സ് വൈദിക സെമിനാരി പ്രിൻസിപ്പളായി വിരമിച്ച ഫാ. ഡോ. റെജി മാത്യുവിന് പഠിത്തവീട് നൽകിയ ഗുരുവന്ദനത്തിൽ പ. കാതോലിക്കാ ബാവ ഉപഹാരം നൽകുന്നു. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലിത്താ, പ്രിൻസിപ്പാൾ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ, ബർസാർ ഫാ. ഡോ. നൈനാൻ കെ. ജോർജ് എന്നിവർ സമീപം



Dr C J Roy Chair and Research Center was Inagurated at Kottayam Baselius Colleger by Dr Thomas Mar Athanasius. Dr. Paul Manalil, Sunil Roy, Bindu Roy, Dr. Anil Roy, Dr Biju Thomas, M N Karaseri, Fr Dr K M George, Dr Thomas Kuruvilla.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ



1919-നു കൊല്ലം 1095-ാമാണ്ടു വൃശ്ചികം 5-നു മുതലുള്ള ഡയറി ബുക്ക്

456. നെടുവേലി കൊന്നയിൽ യോഹന്നാനു. വർത്തമാനങ്ങൾക്കും മറ്റും. 1095 മേടം 14-നു. മാവേലിക്കര.

457. മാക്കാംകുന്നു പള്ളിക്കു. തന്നാണ്ടു മുതൽകെട്ടിനും കണക്കിനും കിഴക്കേടത്തു കൊച്ചുമ്മനെയും, കുഴിയിൽ മത്തായിയെയും നിയമിച്ചിരിക്കുന്നുയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

458. തെങ്ങുംതറയിൽ ഗീവറുഗീസു കത്തനാർക്കും

459. കിഴക്കേവീട്ടിൽ പത്രോസു കത്തനാർക്കും. വർത്തമാനങ്ങൾ, പണം പിരിച്ചയക്കണമെന്നും മറ്റും. 1095 മേടം 14-നു. മാവേലിക്കര പള്ളി.

460. തെരുവത്തു മൂപ്പച്ചനു. വർത്തമാനങ്ങൾക്കും കേസുകളെ സംബന്ധിച്ചും മറ്റും. 1095 മേടം 14-നു. മാവേലിക്കര.

461. കൊച്ചുമെത്രാച്ചനു. തോമ്മസു ശെമ്മാച്ചന്റെ സുഖക്കേടു സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

462. ഹരിപ്പാട്ടു കത്തനാർക്കു. പത്തനാപുരം പള്ളി മുതലായവ സംബന്ധിച്ചും വർത്തമാനങ്ങൾക്കും മറ്റും. 1920-നു 1095 മേടം 15-നു. മാവേലിക്കര പള്ളി.

464. കെ. ജി. ചെറിയാനു. ശമ്പള കുടിശിക, പുത്തൻകാവ് പള്ളി ഇവ സംബന്ധിച്ചു. 1920-നു 1095 മേടം 17-നു. മാവേലിക്കര പള്ളി.

465. കണിയാമ്പടിക്കൽ സെബാസ്റ്റ്യൻ കത്തനാർക്കു. കോട്ടയത്തു വച്ചു തമ്മിൽ കാണാമെന്നു. ടി തീയതി. ടി സ്ഥലം.

466. പാലപ്പള്ളിൽ പൗലോസു കത്തനാർക്കു. കാതോലിക്കാ ബാവായുടെ അടിയന്തിരം ഭംഗിയായി നടത്തണമെന്നും കോട്ടയത്തു എത്തണമെന്നും. ടി തീയതി. ടി സ്ഥലം.

467. ചെറിയമഠത്തിൽ മൂപ്പച്ചനു. പണപിരിവു മുതലായവ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം. 1095 മേടം 17-നു. മാവേലിക്കര പള്ളി.

468. റ്റി. ജി. മാത്യുവിനു. നിലയ്ക്കൽ സ്ഥലം മുതലായവ സംബന്ധിച്ചു. 1920-നു 1095 മേടം 17-നു. മാവേലിക്കര പള്ളിയിൽ നിന്നും.

469. വർക്കിപ്പിള്ളയ്ക്കു. കായങ്കുളം പീടികകളെ സംബന്ധിച്ചു അന്യായം കൊടുക്കുന്നതിനുവേണ്ടി റിക്കാർട്ടുകൾ സഹിതം കായങ്കുളത്തു പള്ളിയിൽ എത്തണമെന്നു. ടി തീയതി. ടി സ്ഥലം.

470. പുലിമുഖത്തു ഗീവറുഗീസ് കത്തനാർക്കു. പണപിരിവു, റിശീസാ മുതലായവ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

471. കെ. സി. ഉണ്ണിട്ടനു. ബഥനി യോഗത്തിൽ സംബന്ധിക്കുന്നതിനു തൽക്കാലം നിവൃത്തിയില്ലെന്നും മംഗളം ആശംസിച്ചും. ടി തീയതി. ടി സ്ഥലം.

472. പണിക്കരു കത്തനാരച്ചനു. വിദ്യാർത്ഥിയോഗത്തിനു സംബന്ധിക്കാൻ നിവൃത്തിയില്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

473. നെല്ലിമൂട്ടിൽ ചാവടിയിൽ തൊമ്മി മുതലാളിക്കു. ടിയാന്റെ മകൻ സി. റ്റി. ഈപ്പനെ എം.ഡി. സിമ്മനാരിയിൽ നിയമിക്കണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

474. മട്ടയ്ക്കൽ മല്പാനു. ശെമ്മാച്ചന്മാരുടെ പഠിത്തം, എം.ഡി. സിമ്മനാരിയിലെ പഠിത്തം മുതലായവ സംബന്ധിച്ചു. 1920-നു 1095 മേടം 18-നു. മാവേലിക്കര പള്ളിയിൽ നിന്നും.

475. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു. ടി സംഗതിയെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

476. മേമടത്തിൽ സ്കറിയാ കത്തനാർക്കും

477. കണിയാന്ത്ര അലക്സന്ത്രയോസ് കത്തനാർക്കും

478. ചേപ്പാട്ട് പള്ളിയിലെ കശീശന്മാർക്കും

479. കരുവാറ്റാ പള്ളിയിലെ കശീശന്മാർക്കും

480. തകിടിയിൽ തോമ്മസു കത്തനാർക്കും

റിശീസാ, പണപിരിവ്, മുതലായവ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

481. കുന്നത്തു പള്ളിക്കും

482. കല്ലിമേൽ പള്ളിക്കും. പതാരം പകുതി പകുതിയായി ഭാഗിക്കണമെന്നും, സമുദായ പണപിരിവു ശേഖരിച്ചു അയച്ചുതരണമെന്നും മറ്റും. 1095 മേടം 19-നു. മാവേലിക്കര പള്ളി.

1920-നു 1095 മേടം 19-നു ശനിയാഴ്ച 4 മണിക്കു മാവേലിക്കര പള്ളിയിൽ നിന്നും മോട്ടോർകാർ മാർഗ്ഗം പുറപ്പെട്ടു 6 മണിക്കു കായംകുളം പള്ളിയിൽ എത്തി.

483. കൊറ്റമ്പള്ളി പള്ളിക്കാർക്കും

484. കറ്റാനത്തു പള്ളിക്കാർക്കും. അടുത്ത ബുധനാഴ്ച 23-നു ഇവിടെ വന്നുചേരണമെന്നു. 1920-നു 1095 മേടം 21-നു കായംകുളം

പള്ളിയിൽ നിന്നും.

485. കായംകുളം മങ്കുഴി വടക്കേ വായനയോഗക്കാർക്കും

486. മങ്കുഴി തെക്കേ വായനയോഗക്കാർക്കും

487. കട്ടച്ചിറ പടിഞ്ഞാറെ വായനയോഗക്കാർക്കും

488. ടി കിഴക്കേ വായനയോഗക്കാർക്കും

489. കണ്ണമംഗലത്തു പള്ളിക്കാർക്കും

492. ... പള്ളിമുറിക്കാർക്കും. ഈ മാസം 23-നു ബുധനാഴ്ച 10 മണിക്കു ഇവിടെ വരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

തോനയ്ക്കാട്ടു പള്ളി വികാരി ... കത്തനാരെ തെര്യപ്പെടുത്തുന്നത്.

തോനയ്ക്കാട്ടു ഇടവക ഏതാനും പണവും പണയങ്ങളും മേമ്പൂട്ടിൽ സൂക്ഷിച്ചിരുന്നതു താൻ മോഷ്ടിച്ചു എടുത്തതിനെ സംബന്ധിച്ചു കഴിഞ്ഞയാഴ്ചയിൽ നാം മാവേലിക്കര പള്ളിയിൽ ഇരിക്കുമ്പോൾ ആ പള്ളിക്കാരിൽ ചിലർ നമ്മുടെ അടുക്കൽ വന്നു നമ്മോടറിയിക്കയും അടുത്തു തന്നെ താൻ നമ്മുടെ അടുക്കൽ വന്നപ്പോൾ ഇതിനെക്കുറിച്ചു തന്നോടു നാം ചോദിക്കയും താൻ നമ്മുടെ മുമ്പാകെ കുറ്റം സമ്മതിച്ചു പറകയും ചെയ്തതനുസരിച്ചു താൻ മോഷ്ടിച്ചുകൊണ്ടുപോയ പണവും പണയങ്ങളും തിരികെ ഏല്പിക്കയും താൻ ചെയ്ത കുറ്റത്തിനു പാപപരിഹാരത്തിനായി നിശ്ചയിക്കപ്പെട്ട പ്രായശ്ചിത്തം നിവൃത്തിക്കയും ചെയ്യുന്നതുവരെ പട്ടത്വ കർമ്മങ്ങളിൽ നിന്നു തന്നെ നാം സസ്പെണ്ടു ചെയ്തിരിക്കുന്നുയെന്നും മേൽപറഞ്ഞ പരിഹാരമാർഗ്ഗങ്ങൾ നിവർത്തിക്കുന്നതുവരെ യാതൊരു പട്ടത്വ ശുശ്രൂഷയും താൻ കഴിച്ചുകൂടായെന്നും നാം തന്നോട് കല്പിച്ചയയ്ക്കയും പള്ളി നടത്തിപ്പിനും ജനങ്ങളുടെ ആത്മീയ ദിഷ്ടതിക്കും വിഘ്നം നേരിടാതെയിരിപ്പാൻ വേണ്ടി നമ്മുടെ മാവേലിക്കര പുത്തൻപുരയിൽ തോമ്മസു കത്തനാരെ ആ പള്ളിക്കാരുടെ അപേക്ഷപ്രകാരം നാം വാക്കു മൂലം അധികാരപ്പെടുത്തി അയക്കയും ചെയ്തതിന്റെ ശേഷം നമ്മുടെ കല്പനയ്ക്കും വിശുദ്ധ സഭയുടെ നിയമങ്ങൾക്കും എതിരായി താൻ ഇന്നലെ ഞായറാഴ്ച ദിവസം വിശുദ്ധ മദുബഹായിൽ കയറി കുർബാന അനുഷ്ഠിച്ച് തന്റെ കുറ്റങ്ങളെ വർദ്ധിപ്പിച്ചിരിക്കുന്നതായും നാം അയച്ച തോമ്മസു കത്തനാർ കുർബാന ചൊല്ലുന്നതിനു താൻ സമ്മതിക്കാതെ വിരോധിച്ചതായും മറ്റും ആ പള്ളിക്കാരും ടി തോമ്മസു കത്തനാരും നമ്മുടെ അടുക്കൽ ഹർജി ബോധിപ്പിച്ചിരിക്കുന്നു. തന്റെ ഈ പ്രവൃത്തികളൊക്കെയും ആത്മികപ്രകാരവും ലൗകികപ്രകാരവും മഹാ വലിയ കുറ്റങ്ങളാണെന്നും അതു നിമിത്തം താൻ അംശംമുടക്കിനു വിശുദ്ധ സഭയുടെ നിയമപ്രകാരം അർഹനാണെന്നും നാം പറയാതെ തന്നെ തനിക്കറിയാവുന്നതാണല്ലോ. അതിനാൽ ഇതുകളെ സംബന്ധിച്ച് തനിക്കു വല്ല സമാധാനവും ബോധിപ്പിപ്പാനുണ്ടെങ്കിൽ ഈ കല്പന തന്റെ കൈവശം കിട്ടുന്ന ദിവസം തന്നെ നമ്മുടെ അടുക്കൽ വന്ന് സമാധാനം ബോധിപ്പിക്കയോ വരുന്നതിനു വല്ല അസൗകര്യവും ഉണ്ടെങ്കിൽ തനിക്ക് പറവാനുള്ള സമാധാനങ്ങൾ ഈ കല്പനയുംകൊണ്ടു വരുന്ന അരിയന്നൂക്കുഴിയിൽ ഇട്ടി ഉമ്മമ്മൻ വശം എഴുതി അയച്ചുതരികയോ ചെയ്യണം. ശേഷം വഴിയെ. എന്ന് 1920-നു കൊല്ലം 1095-ാമാണ്ട് മേട മാസം 21-നു കായങ്കുളം പള്ളിയിൽ നിന്നും.

494. പുത്തമ്പുരയിൽ തോമ്മസു കത്തനാർക്കു. തോനയ്ക്കാട്ടു പള്ളി വക പണങ്ങളും മറ്റും ടി പള്ളി വികാരി ... കത്തനാർ മോഷ്ടിച്ചതിനാൽ അതുകൾ പ്രായശ്ചിത്തസഹിതം കൊടുക്കുന്നതുവരെ സസ്പെണ്ടിൽ നിർത്തിയിരിക്കുന്നതിനാൽ ജനങ്ങളുടെ ആത്മീയ ദിഷ്ടതികൾക്കു വിഘ്നം നേരിടാതിരിപ്പാൻ വേണ്ടി, സസ്പെണ്ടു തീർക്കുന്നതുവരെ തന്നെ വികാരിയായി നിയമിച്ചിരിക്കുന്നുയെന്നു. 1920-നു 1095 മേടം 21-നു. കായങ്കുളം പള്ളി.

മേൽ കല്പനകൾ രണ്ടും ആൾ വശം അയക്കുന്നുയെന്നുള്ളതിൽ എഴുതിയിരിക്കുന്നുയെങ്കിലും ആദ്യ കല്പന രജിസ്റ്റർ ചെയ്തു അഞ്ചൽ മാർഗ്ഗമാണു അയക്കുന്നത്. എന്നു തീയതി മേൽ. 1095 മേടം 21-നു. കായങ്കുളം പള്ളി.

496. പുത്തൻപീടിക തെക്കെ പള്ളിക്കു. തന്നാണ്ടു ട്രസ്റ്റികളായി പീടികയിൽ ഗീവറുഗീസു കോർ എപ്പിസ്ക്കോപ്പാ തോമ്മസിനെയും കിഴക്കേതിൽ മാമ്മൻ ഗീവറുഗീസിനെയും നിയമിച്ചിരിക്കുന്നുയെന്നും മറ്റും. 1095 മേടം 23-നു. കായങ്കുളം പള്ളി.

497. തേരകത്തു ചെറിയാൻകുഞ്ഞിനു. പണപിരിവു മുതലായവ സംബന്ധിച്ചു. 1920-നു 1095 മേടം 23-നു. കായങ്കുളം പള്ളി.

498. തെക്കെവീട്ടിൽ ചെറിയാനു. ടിയാന്റെ അപേക്ഷയെ സംബന്ധിച്ചു തിരുവല്ലാ വരുമ്പോൾ പറഞ്ഞുകൊള്ളാമെന്നും മറ്റും. 1095 മേടം 23-നു കായങ്കുളം പള്ളി.

499. ചാലക്കുഴിയിൽ മൽക്കിനു. ടിയാന്റെ അപേക്ഷ തിരുവല്ലായിൽ വച്ചു കേൾക്കാമെന്നു. ടി തീയതി. ടി സ്ഥലം.

500. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

501. കോലത്തുകളത്തിൽ കുറിയാക്കോസു കത്തനാർക്കു. കല്യാണ സംഗതി, റിശീസാ മുതലായവ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

502. ഉരുളിപ്രത്തു കോശി കത്തനാർക്കു. തട്ടാശേരി കത്തനാർ, റിശീസാ മുതലായവ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

503. കെ. വി. ഈപ്പനു. ബാലികാമഠം തുറക്കുന്നതിനു 11-നു എത്തുന്നതിനു ശ്രമിക്കാമെന്നു. ടി തീയതി. ടി സ്ഥലം.

504. തെങ്ങുന്തറ ഗീവർഗീസ് കത്തനാർക്കു. പണപിരിവ്, റിശീസാ സംബന്ധിച്ചു. ടി തീയതി. ടി സ്ഥലം.

505. കൊട്ടയ്ക്കാട്ടു തോമ്മസു നൈനാൻ അപ്പോത്തിക്കരിക്കു. വർത്തമാനങ്ങൾക്കും പണപിരിവു സംബന്ധിച്ചും. ടി തീയതി. ടി സ്ഥലം.

24-നു താമരക്കുളം സ്ഥലം കാണ്മാൻ പോയി.

506. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കു. 1095 മേടം 25-നു. കായങ്കുളം പള്ളി.

507. കിഴക്കേവീട്ടിൽ ഗീവറുഗീസിനു. ജ്യേഷ്ഠന്റെ മരണത്തിൽ അനുശോചിച്ചു. ടി തീയതി. ടി സ്ഥലം. 1095 മേടം 25-നു. കായങ്കുളം.

508. വടുതല ഈശോ കത്തനാർക്കു. മല്ലശ്ശേരി പള്ളിക്കുള്ള കല്പനകളും മറ്റും അയക്കുന്നുയെന്നും കൈപ്പട്ടൂർ പള്ളി ഭരണത്തിൽ ഉണ്ടാക്കുന്ന ദോഷങ്ങളെ ശാസിച്ചും മറ്റും. 1095 മേടം 25-നു. കായങ്കുളം പള്ളി.

509. മല്ലശ്ശേരി പള്ളിക്കു. ടി പള്ളിക്കു പട്ടക്കാരായി വടുതല കത്തനാരെയും പീടികയിൽ കത്തനാരെയും നിയമിച്ചിരിക്കുന്നുയെന്നും മുതൽകെട്ടിനു കരിക്കത്തിനാൽ കൊച്ചുകോശിയെയും കണക്കെഴുത്തിനു ചരിവിൽ അബ്രഹാമിനെയും നിയമിച്ചിരിക്കുന്നുയെന്നും പള്ളിയുടെ അറ്റകുറ്റത്തിൽ സന്തോഷിക്കുന്നുയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

510. വടുതല ഈശോ കത്തനാർക്കും പീടികയിൽ ഗീവറുഗീസു കത്തനാർക്കും. ടിയാന്മാരെ മല്ലശ്ശേരി പള്ളി നടത്തുന്നതിനു നിയമിച്ചിരിക്കുന്നുയെന്നു. ടി തീയതി. ടി സ്ഥലം.

1920-നു 1095 മേടം 26-നു 4 മണിക്കു കായങ്കുളം പള്ളിയിൽ നിന്നു വണ്ടിമാർഗ്ഗം പുറപ്പെട്ടു 6 മണിയോടുകൂടി പത്തിച്ചിറ പള്ളിയിൽ എത്തി.

511. കൊച്ചുമാമ്മച്ചനു. തുമ്പമൺ വടക്കേടത്തു കൊച്ചുമ്മനെ തുമ്പമൺ സ്കൂളിൽ നിയമിക്കണമെന്നും എം.ഡി. സിമ്മനാരി മുതലായ സംഗതികളെക്കുറിച്ചും മറ്റും. 1920-നു 1095 മേടം 27-നു പത്തിച്ചിറ പള്ളിയിൽ നിന്നും.

512. തോനയ്ക്കാട്ടു പള്ളി യോഗജനങ്ങൾക്കു. തട്ടാശേരിൽ യാക്കോബു കത്തനാരെ അംശം മുടക്കിയിരിക്കുന്നുയെന്നും മുടക്കു തീർക്കുന്നതുവരെ പകരം മാവേലിക്കര പുത്തമ്പുരയിൽ തോമ്മസു കത്തനാരെ നിശ്ചയിച്ചിരിക്കുന്നുയെന്നും മറ്റും. 1920-നു 1095 മേടം 29-നു. പത്തിച്ചിറ പള്ളി.

513. പുത്തമ്പുരയിൽ തോമ്മസു കത്തനാർക്കു. തട്ടാശേരിൽ യാക്കോബു കത്തനാർക്കു പകരം ടിയാനെ വികാരിയായി നിയമിച്ചിരിക്കുന്നുയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

514. കരിപ്പുഴ പള്ളിക്കു. ടി പള്ളി വീഴ്ച കൂടാതെ നടത്തുന്നതിനെ സംബന്ധിച്ചും മറ്റും. 1920-നു 1095 മേടം 30-നു. പത്തിച്ചിറ പള്ളി.

515. ടി പള്ളിക്കു. പണപിരിവു ശേഖരിച്ചു ഉടൻ എത്തിച്ചുതരണമെന്നു. 1920-നു 1095 മേടം 30-നു. പത്തിച്ചിറ പള്ളി.

516. പുത്തൻമഠത്തിൽ സ്കറിയാ കത്തനാർക്കും വടക്കേത്തലയ്ക്കൽ സ്കറിയാ കത്തനാർക്കും. കരിപ്പുഴ പള്ളി നടത്തികൊടുക്കണമെന്നും മറ്റും. 1095 മേടം 30-നു. പത്തിച്ചിറ പള്ളി.

517. കെ. എം. പീലിപ്പോസു ഇൻസ്പെക്ടർക്കു. മാമ്മൂട്ടിൽ കൊച്ചനു (ചാക്കോയ്ക്കു) ഒരു ജോലി കൊടുക്കണമെന്നും മറ്റും. 1095 മേടം 31-നു പത്തിച്ചിറ.

518. പത്തിച്ചിറ പള്ളിക്കാർക്കു. തന്നാണ്ട് കൈക്കാരന്മാരായി മുതൽകെട്ടിനു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

കണ്ണങ്കര കിഴക്കതിൽ കുഞ്ഞമ്മനെയും കണക്കെഴുത്തിനു കൊല്ലനേത്തു വറുഗീസിനെയും നിയമിച്ചിരിക്കുന്നു എന്നും ഭണ്ഡാരപ്പെട്ടിക്കു അഞ്ചു താക്കോൽക്കാരെ നിയമിച്ചിരിക്കുന്നു എന്നും പള്ളിവക വരവുചെലവുകളുടെ കണക്കുകൾ ചെലവു നീക്കി ബാക്കിയുള്ള പണം നോട്ടുകൾ, പള്ളിസാമാനങ്ങൾ ഇവകൾ മേൽപൂട്ടുകാർ പെട്ടിയിൽ വച്ച് സൂക്ഷിച്ചുകൊള്ളേണ്ടതും മുതൽപിടിക്കാരൻ ഇവയ്ക്കു ബാധ്യതയായി പള്ളിക്കു ഉടമ്പടി എഴുതി കൊടുക്കേണ്ടതും ആണ്ടുതോറും റിശീസാ ശേഖരിച്ച് അയച്ചുതരണമെന്നും അടുത്ത ആണ്ടേക്കു യോഗം കൂടി തന്നാണ്ടു ചുമതലക്കാർക്ക് പകരം വേറെ ആളുകളെ തിരഞ്ഞെടുത്ത് അപേക്ഷിക്കേണ്ടതും അപ്പോൾ കല്പന അയച്ച് പുതിയ ചുമതലക്കാരെ സ്ഥിരപ്പെടുത്തുന്നതാണെന്നും മറ്റും. 1095 മേടം 31-നു. പത്തിച്ചിറ.

1095 മേടം 31-നു 4 മണിയോടു കൂടി പത്തിച്ചിറ പള്ളിയിൽ നിന്നും പുറപ്പെട്ടു കരിപ്പുഴ എത്തി വള്ളം കയറി ഇടവം 1-നു രാവിലെ പരുമല സിമ്മനാരിയിൽ എത്തി. അന്നുതന്നെ പുറപ്പെട്ടു 2-നു കോട്ടയം സിമ്മനാരിയിൽ എത്തി.

519. ഒ. എം. ചെറിയാൻ ഇൻസ്പെക്ടർക്ക്. കിളിരൂക്കാരൻ ഉതുപ്പ് എന്ന കൊച്ചനു ഒരു വാദ്ധ്യാർ ജോലി കൊടുത്താൽ കൊള്ളാമെന്ന്. 1095 ഇടവമാസം 4-നു കോട്ടയം പഴയ സിമ്മനാരിയിൽ നിന്നും.

520. കൊച്ചുമാമ്മച്ചനു. മട്ടയ്ക്കൽ അയ്പിനെ തുമ്പമൺ സ്കൂളിൽ നിന്നും മാറ്റുന്നതു നല്ലതാണെന്നും മറ്റും. 1095 ഇടവം 3-നു. കോട്ടയം സിമ്മനാരി.

522. കെ. എം. പീലിപ്പോസു ഇൻസ്പെക്ടർക്ക്. പി. രാമസ്വാമി അയ്യരുടെ കല്യാണത്തിനു പോയി വേണ്ടതു പ്രവർത്തിക്കണമെന്നും മറ്റും. 1095 ഇടവം 8-നു. കോട്ടയം സിമ്മനാരി.

523. തേരകത്തു ചെറിയാൻകുഞ്ഞിനു. വ്യവഹാരം തീരുന്നതുവരെ ഇപ്പോഴത്തെ ചുമതലക്കാരെത്തന്നെ സ്ഥിരപ്പെടുത്തണമെന്നും പണപിരിവ് ദീർഘിപ്പിക്കുന്നതു നന്നല്ലെന്നും മറ്റും. 1095 ഇടവം 8-നു. കോട്ടയം സിമ്മനാരി.

524. പറമ്പിൽ കോശി കത്തനാർക്കു. വാളക്കുഴി ശെമ്മാച്ചൻ സ്വന്തകൈകളിൽ നിന്നു ചെലവിട്ടു പഠിച്ചതാകയാൽ മറ്റുള്ള ശെമ്മാച്ചന്മാരെപ്പോലെ ഗണിക്കേണ്ടതല്ലെന്നും മറ്റും. ടി ആണ്ട്. ടി തീയതി. ടി സ്ഥലം.

525. ചട്ടാനപ്പള്ളിൽ ഉണ്ണൂണ്ണിക്ക്. കായങ്കുളത്തു പള്ളിയിൽ നിന്നു നിരണത്തു വന്ന് അവിടെ നിന്നും കല്ലൂപ്പാറയ്ക്കു പോകുംവഴി തിരുമൂലയിൽ കേറിപ്പോകുമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

526. മാരേട്ടായ പാറക്കടവിൽ പീലിപ്പോച്ചനു. നേനാച്ചന്റെ ഇഹലോക വേർപാടിനെക്കുറിച്ചു ദുഃഖിക്കുന്നുയെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

527. തുകലൻ കാച്ചപ്പള്ളിൽ കുഞ്ഞുവർക്കിക്ക്. ടിയാന്റെ അപ്പന്റെ ഇഹലോക വേർപാടിനെക്കുറിച്ചു ദുഃഖിക്കുന്നു എന്നും മറ്റും. 1095 ഇടവം 8-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

528. പണിക്കരു ഗീവറുഗീസ് കശീശായ്ക്കു. സണ്ടേസ്കൂൾ നടത്തിപ്പ് പാറേട്ട് ശെമ്മാച്ചനെ ഭരമേല്പിക്കുന്നതു നല്ലതാണെന്നും അതിനു ... സഹായിയായിരിക്കുന്നതും ... ടി തീയതി. ടി സ്ഥലം.

529. കുണ്ടറ കൊച്ചുമെത്രാച്ചനു. കുണ്ടറ സ്കൂളിനു ഹെഡ്മാസ്റ്ററായി മട്ടയ്ക്കൽ അയ്പിനോടു ആവശ്യപ്പെട്ടാൽ വരാതെയിരിക്കയില്ലെന്നും സണ്ടേസ്കൂൾ ഡെപ്യൂട്ടേഷൻ മിനിഞ്ഞാന്നു ഇവിടെ വന്നുവെന്നും സണ്ടേസ്കൂൾ കാര്യം പാറേട്ടു ശെമ്മാച്ചനെ ഭരമേല്പിക്കയും ടിയാനു സഹായിയായി എൻ. ഐ. പോത്തനെ നിയമിക്കുകയും ചെയ്തു എന്നും. കുണ്ടറ ശെമ്മാച്ചന്മാരെ പരുമലെ താമസിപ്പിക്കുന്നതു നന്നല്ലെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

530. ഒ. എം. ചെറിയാനു. ഇ. കൃഷ്ണപിള്ള എന്ന കുട്ടിക്ക് ഒരു വാദ്ധ്യാരു ജോലി കൊടുത്താൽ കൊള്ളാമെന്നും മറ്റും. കോട്ടയം സിമ്മനാരി. 1095 ഇടവം 9-നു.

531. കെ. എം. പീലിപ്പോസു ഇൻസ്പെക്ടർക്ക്. എൻ. കെ. തോമസ് എന്ന കുട്ടിക്ക് ഒരു വാദ്ധ്യാരുജോലി കൊടുക്കണമെന്നും മറ്റും. 1095 ഇടവമാസം 9-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

532. കൊച്ചുപറമ്പിൽ സ്കറിയാ കത്തനാർക്കു. ഈ മാസം 15-നു വെള്ളിയാഴ്ച നാം അവിടെ എത്തുന്നതിനു വള്ളം അയച്ചുതരണമെന്നും മറ്റും. 1095-മാണ്ടു ഇടവം 9-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

533. വടക്കേപ്പറമ്പിൽ ഉണ്ണൂട്ടി മാത്തുവിനും ചുണ്ടേവാലേൽ ഉലഹന്നാൻ വർക്കിക്കും. അവിടുത്തെ പള്ളി മുടക്കത്തെ സംബന്ധിച്ച് ആലോചിപ്പാൻ വേണ്ടി അടുത്തുതന്നെ ഇത്രടം വന്നുപോകണമെന്ന്. ടി തീയതി. ടി സ്ഥലം.

534. മാങ്കാവിൽ ഗീവറുഗീസ് കശീശായ്ക്ക്. ശങ്കരത്തിക്കാർക്കുള്ള സ്ഥലം വേണമെങ്കിൽ മറുപടി അയച്ചുതരണമെന്നും കറ്റാനത്തെ പണപ്പിരിവ് താല്പര്യമായി നടത്തണമെന്നും മറ്റും. 1095 ഇടവം 11-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

535. തുരുത്തിപ്പള്ളിൽ കൊച്ചൂഞ്ഞിനു. നിലയ്ക്കൽ സ്ഥലം പതിച്ചുകിട്ടുമെന്നും അവിടെ കൃഷി ചെയ്യാമെന്നും ഉള്ള ആശയിന്മേൽ ഇരിക്കരുത് എന്നും മറ്റും. 1095 ഇടവം 11-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

536. വള്ളക്കാലിൽ ഉണ്ണൂണ്ണിക്കു. നമ്മുടെ സ്കൂളിൽ സയൻസ് പഠിപ്പിക്കുന്നതിനു വേറെ ആളിനെ അന്വേഷിക്കേണ്ടതു അത്യാവശ്യമാണെന്നും തമ്പുരാൻ മുൻഷിയുടെ അപേക്ഷപോലെ ചെയ്യുന്നതു കൊള്ളാമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

537. ഈശോയുടെ മകൻ കീവറീതിനെ ഉടനെ ഇവിടെ അയക്കണമെന്ന്. 1095 ഇടവം 12-നു കോട്ടയം സിമ്മനാരിയിൽ നിന്നും.

538. കോലത്തുകളത്തിൽ കുറിയാക്കോസു കത്തനാർക്കു. നാളെയോ നാളെ കഴിഞ്ഞോ ഇത്രടം വന്നുചേരണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

539. കടയിത്ര തോമ്മാ ഔസേപ്പിനു. കുമരകം കായൽനിലത്തെ സംബന്ധിച്ചുള്ള നടപ്പുചീട്ടു. 1920-നു 1095 ഇടവം 12-നു. കോട്ടയം സിമ്മനാരി.

(തുടരും)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



കുന്നംകുളം ഓർത്തഡോക്സ് പ്രവാസി അസോസിയേഷൻ പ. പൗലോസ് രണ്ടാമൻ ബാവായുടെ സ്മരണാർത്ഥം നൽകുന്ന സാന്ത്വന സ്പർശം അവാർഡ് പാലക്കാട് ജില്ലയിലെ മണ്ണപ്ര ബാലഭവന്റെ പ്രധാന ചുമതല വഹിക്കുന്ന സിസ്റ്റർ എൽസക്ക് ഡോ. ഗീവർഗീസ് മാർ യൂലിയോസ് നൽകുന്നു. 50,000/ രൂപയും ശില്പവും അടങ്ങുന്നതാണ് അവാർഡ്.

പുസ്തകം



ഫാ. ലിനു എം ബാബു രചിച്ച നിനവിലെ അക്ഷരക്കൂട്ടുകൾ എബ്രഹാം മാർ സെറാഫിം പ്രകാശനം ചെയ്തു. മഷിക്കൂട്ട്, കോട്ടയമാണ് പ്രസാധകർ.

ദൈവത്തിന്റെ ദാനം

അഭി. ഗീവർഗീസ് മാർ ദീയസ്ക്കോറോസ് തിരുമേനി



ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ

അഭി. ഗീവർഗീസ് മാർ ദീയസ്ക്കോറോസ് തിരുമേനിയുടെ മഹത്വപ്രവേശനത്തിന്റെ രജത ജൂബിലി ആചരിക്കുന്ന ഈ അവസരത്തിൽ ഇന്നും മനസ്സിൽ നിന്ന് മായാതെ നിൽക്കുന്ന ഓർമ്മകൾ തെളിമയോടെ കോറിയിടുവാൻ കഴിയുന്നതിൽ ഏറെ സന്തോഷിക്കുന്നു. ഹൃദയത്തിൽ തെളിവോടെ ജീവിക്കുന്ന ആ പുണ്യപിതാവിന്റെ ഓർമ്മകൾക്കുമുമ്പിൽ ഓരായിരം പ്രണാമങ്ങൾ. എന്റെ ജീവിതത്തിൽ അത്രമേൽ സ്വാധീനം ചെയ്ത തിരുമേനിയുടെ ദൈവവിശ്വാസം, ദൃഢനിശ്ചയം, കഠിനാധ്വാനം ചെയ്യാനുള്ള സന്നദ്ധത, ആത്മവിശ്വാസം എന്നീ ഗുണങ്ങൾ ഇന്നും മാതൃകയായി നിൽക്കുന്നു. എന്നെ വൈദികസെമിനാരി വിദ്യാഭ്യാസത്തിനായി അയച്ചതും തുടർന്ന് വൈദികസ്ഥാനം വരെയുള്ള പൗരോഹിത്യത്തിന്റെ ഓരോ പടവുകളിൽ കാർമ്മികനായതും അഭി. തിരുമേനിയാണ്. എന്നിലുള്ള കഴിവും, എന്റെ ആഗ്രഹങ്ങളും തിരിച്ചറിഞ്ഞ് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകി ശരിയായ ദിശയിൽ എന്നെ നയിക്കുവാൻ തിരുമേനിക്ക് സാധിച്ചു. അതിനപ്പുറം, പ്രതിസന്ധിഘട്ടങ്ങളിൽ തളർന്നുപേകാതെ പിതൃവാത്സല്യത്തോടെ ചേർത്ത് പിടിക്കുവാനും തിരുമേനി ശ്രദ്ധിച്ചിരുന്നുവെന്നത് നിറമിഴികളോടെ മാത്രം ഞാൻ ഓർക്കുന്നു. ഇന്നും എപ്പോഴും എനിക്ക് ആ ജീവിതവും ഉപദേശങ്ങളും മാതൃക തന്നെയാണ്. ആ ജീവിതത്തിൽ കണ്ട ചില പ്രത്യേകതകൾ ചേർക്കട്ടെ.

1) ആരാധനയുടെ പാലകൻ

ആരാധനാധിഷ്ഠിതമായ ജീവിതമാണ് ഓർത്തഡോക്സ് പാരമ്പര്യത്തിന്റെ കാതൽ. ദൈവസ്തുതിയെ ശ്വാസോച്ഛ്വാസംപോലെ കണ്ടിരുന്ന പിതാക്കൻമാരുടെ ഒരു വലിയ നിരയാണ് നമ്മുടെ സഭയുടെ മഹിമ. ആ ഗണത്തിൽ മുൻപന്തിയിൽതന്നെയാണ് അഭി. ഗീവർഗീസ് മാർ ദീയസ്കോറോസ് തിരുമേനിയും. ആരാധനയിലുള്ള ചിട്ടയും നിഷ്ഠയും തിരുമേനിക്ക് വളരെ നിർബന്ധമായിരുന്നു. നിഷ്ഠയോടും ഭക്തിയോടും ആരാധനയിൽ ആയിരിക്കുന്ന തിരുമേനിയുടെ ചിത്രം ഇന്നും മനസ്സിൽ മായാതെ നിൽക്കുന്നു. സ്വരമാധുര്യത്തോടും വ്യക്തതയോടുമുള്ള ആരാധനയിൽ പങ്കെടുക്കുമ്പോൾ ശരിക്കും ഒരു സ്വർഗ്ഗീയ അനുഭവം തന്നെ അറിയുവാൻ സാധിച്ചിരുന്നു. ആരാധനയാണ് തനിക്ക് ശക്തിയും ധൈര്യവും പകരുന്നത് എന്ന് തിരുമേനി വിശ്വസിച്ചിരുന്നു. അതിനാൽ വിശുദ്ധ കുർബാന അനുഷ്ഠിക്കുമ്പോഴെല്ലാം താല്പര്യത്തോടെയും ഒരുക്കത്തോടെയും അത് നിർവഹിക്കുവാൻ എപ്പോഴും ഉത്സാഹിച്ചിരുന്നു. എത്രതന്നെ ക്ഷീണിതനാണെങ്കിലും ആരാധനയ്ക്കായി പ്രവേശിച്ചു കഴിഞ്ഞാൽ ശാരീരിക അസ്വാസ്ഥ്യം തിരുമേനിയെ അലട്ടിയിരുന്നില്ല എന്നത് പലപ്പോഴും കണ്ടറിഞ്ഞതാണ്. ദൈവവുമായുള്ള സംസർഗ്ഗമാണല്ലോ ആരാധന. ആരാധനയിലുള്ള പങ്കാളിത്തം ദൈവസംസർഗ്ഗത്തിന്നും ദൈവസാന്നിധ്യം അനുഭവിച്ചറിയുന്നതിനും സഹായിക്കും എന്നതിൽ തിരുമേനിക്ക് യാതൊരു സംശയവുമില്ലായിരുന്നു. അതുതന്നെയാണ് ആരാധനയിലേക്ക് തിരുമേനിയെ ആകർഷിച്ചിരുന്നതും. പൂർണ്ണ സമർപ്പണത്തോടും പ്രൗഢിയോടും വിശുദ്ധിയോടും ഭക്തിയോടും വി. ബലി അർപ്പിക്കുന്ന തിരുമേനിയുടെ ചിത്രം ഇന്നും മായാതെ മനസ്സിൽ നിറഞ്ഞുനിൽക്കുന്നു.

2) സഭയുടെ വിശ്വാസസംരക്ഷകൻ

പരിശുദ്ധ സഭയുടെ അടിസ്ഥാന പ്രമാണമാണ് വി. ത്രിത്വവിശ്വാസം. അഭി പിതാവിന്റെ എല്ലാ പഠിപ്പിക്കലുകളും പ്രസംഗങ്ങളും വി. ത്രിത്വത്തെ പുരസ്കരിച്ച് മാത്രമായിരുന്നു. വി. പട്ടകൊട ശുശ്രൂഷയിലെ അമാലോഗിയാ ഭാഗത്ത് ആദ്യം പ്രഖ്യാപിക്കുന്നത് ത്രിയേക ദൈവത്തിലുള്ള വിശ്വാസമാണ്. അത് അക്ഷരംപ്രതി തന്റെ ജീവിതത്തിലുടനീളം പാലിച്ച പിതാവാണദ്ദേഹം. വിശ്വാസത്തിന്റെ പാതയിൽ സമർപ്പിതരായി പൊരുതുന്നവരിൽ പരമമായ സത്യങ്ങൾ വെളിവാക്കപ്പെടുകയും ഭരമേൽപ്പിക്കപ്പെടുകയും ചെയ്യും എന്നത് യാഥാർത്ഥ്യമാണ്. അഭി. തിരുമേനിയുടെ ജീവിതത്തിൽ അത് വ്യക്തമാണ്. അതാകാം തിരുമേനിയുടെ പ്രസ്ഥാനങ്ങളെല്ലാം വി. ത്രിത്വനാമത്തിൽ സ്ഥാപിക്കപ്പെട്ടത്. ഓരോ ഒളിമ്പിക്സ് വേദിയിലും എപ്പോഴും വെളിച്ചം പരത്തുന്ന ഒരു ദീപനാളമുണ്ട് – ഒളിമ്പിക്സ് ദീപശിഖ. ആ സ്വർണ്ണപ്രകാശമാണ് ഓർമ്മകളുടെ ചെപ്പുകൾ തുറന്ന് ഓരോ കായികതാരത്തിനും കരുത്തും കായികശേഷിയും പകരുക. ആ തിരിനാളം അവിടെ കത്തിച്ചെത്തിക്കുന്നത് മത്സരങ്ങളുടെ മാതൃഭവനമായ ഒളിമ്പിക്സ് ഗ്രാമത്തിൽ നിന്നാണ്. അവിടെ കത്തിനിൽക്കുന്ന കെടാവിളക്കിൽ നിന്നും പകർത്തിയെടുക്കുന്ന ദീപശിഖ കൈമാറി കൈമാറി അവസാനം ഒളിമ്പിക്സ് സ്റ്റേഡിയത്തിലെത്തിക്കുന്നു. ഓരോ കായികതാരത്തിനും ഉണർവ്വ് നൽകിക്കൊണ്ട് അതവിടെ കത്തിജ്വലിച്ചുകൊണ്ടിരിക്കും. വി. ത്രിത്വമെന്ന

25 മഹത്വപ്രവേശനത്തിന്റെ രജത ജൂബിലി

പ്രകാശത്തെ തിരിച്ചറിഞ്ഞ് ആ വെളിച്ചത്തിൽ ജീവിച്ച വ്യക്തിയായിരുന്നു അഭി. പിതാവ്. തിരുമേനിക്ക് ലഭിച്ച പ്രഭയെ അനേർക്ക് നൽകുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു.

3) കറതീർന്ന നിയമപാലകൻ

സഭയുടെ ഭരണഘടനയോടും ഭരണനിർവഹണസമിതിയോടും ഭക്തിയും കൂറും പുലർത്തിയിരുന്ന പിതാവായിരുന്നു അഭി. ദീയസ്കോറോസ് തിരുമേനി. സഭയിൽ ഭിന്നതയുണ്ടാകുകയും ദേവാലയങ്ങളിൽ പ്രശ്നങ്ങൾ കലശലാകുകയും ചെയ്തപ്പോഴും സത്യത്തിനുവേണ്ടി നിലകൊള്ളുകയും താൻ വിശ്വസിച്ചുപോന്ന സത്യവിശ്വാസത്തെ ഭംഗംകൂടാതെ കാത്തുപരിപാലിക്കുന്നതിനായി അക്ഷീണം പരിശ്രമിക്കുകയും ചെയ്ത വ്യക്തിയാണ് അഭി. തിരുമേനി. എല്ലാ പ്രവർത്തനങ്ങളിലും അഭി. പിതാവ് പ്രകടിപ്പിച്ചിരുന്ന ആത്മാർത്ഥത നമുക്ക് ഒരു മാതൃകയാണ്. ഏല്പിക്കുന്ന ഉത്തരവാദിത്തങ്ങൾ ആത്മാർത്ഥമായും സത്യസന്ധമായും നിർവഹിക്കുവാൻ തിരുമേനി എന്നും ശ്രദ്ധിച്ചിരുന്നു. ഇടവകകൾക്കായുള്ള കല്പനകൾ സഭാഭരണഘടനയും നിയമവും പാലിച്ച് കൃത്യതയോടുമാത്രമാണ് തയ്യാറാക്കിയിരുന്നത്. യാതൊരു വിമർശനത്തിനും വാഗ്വാദങ്ങൾക്കും വഴിതെളിയിക്കുവാൻ തിരുമേനിയുടെ പ്രവർത്തനങ്ങൾ കാരണമാകരുത് എന്ന കർശനമായ നിലപാടുകൾ സ്വീകരിച്ചിരുന്നു. മലങ്കരസഭയുടെ സ്വാതന്ത്ര്യസംരക്ഷണത്തിനുവേണ്ടി പോരാടിയ തിരുമേനിയെ തെക്കൻ ദേശത്തെ ഗർജ്ജിക്കുന്ന സിംഹം എന്നു വിശ്വാസികൾ വിളിച്ചിരുന്നു.

4) സുതാര്യനായ സാമ്പത്തിക പരിപാലകൻ

ഒരു മനുഷ്യന് ദൈവത്തെയും ദ്രവ്യത്തെയും ഒരുപോലെ സേവിക്കുവാൻ കഴിയില്ല എന്ന് ക്രിസ്തു തന്നെ വ്യക്തമാക്കിയിട്ടുണ്ട്. അഭി. തിരുമേനി നല്ലൊരു സാമ്പത്തിക പരിപാലകനായിരുന്നു. സാമ്പത്തികമായ എല്ലാകാര്യങ്ങളിലും കൃത്യതയും സുതാര്യതയും അദ്ദേഹം പുലർത്തിയിരുന്നു. അനാവശ്യത്തിന് പണം ചെലവഴിക്കുവാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. ആവശ്യക്കാരെ സഹായിക്കുവാൻ എന്നും ശ്രദ്ധിച്ചിരുന്നു. എല്ലാ സാമ്പത്തിക ഇടപാടുകളും ക്രമാനുസരണം നിർവ്വഹിക്കുന്നതിൽ തിരുമേനി പുലർത്തിയിരുന്ന ആത്മാർത്ഥത അനുകരണീയമാണ്. സാമ്പത്തിക കാര്യങ്ങളിലുള്ള വിശ്വസ്തത ജീവിതകാലയളവിൽ എന്നും നിലനിർത്തിയിരുന്നു. തിരുമേനിക്ക് ലഭിച്ച കുടുംബസ്വത്താണ് ഹോളി ട്രിനിറ്റി ആശ്രമത്തിനായി നൽകിയത്. അതോടൊപ്പം, ഒരു അനുഭവവും ഓർമ്മയിൽ വരുന്നു. തിരുമേനിയുടെ സഹോദരപുത്രൻ വിദേശത്തേക്ക് പോകുന്നതിനായി അല്പം സാമ്പത്തിക സഹായം അവശ്യപ്പെട്ട് തിരുമേനിയെ സമീപിച്ചു. സഭയുടെ സ്വത്താണ്, അത് ആർക്കും വെറുതെ കൊടുക്കുവാൻ സാധിക്കില്ല എന്നതായിരുന്നു തിരുമേനിയുടെ നിലപാട്. കൂടെ നിന്നിരുന്ന ഞങ്ങളുടെ നിർബന്ധപ്രകാരം ചോദിച്ച തുക കൃത്യസമയത്ത് തിരിച്ചു നൽകാമെങ്കിൽ തരാമെന്ന് തിരുമേനി സമ്മതിച്ചു. എന്നാൽ, സഹോദരപുത്രന്റെ കൈയിൽ നിന്ന് ഒരു സത്യവാങ്മൂലം എഴുതി മേടിച്ചു എന്നത് ഇന്നും ഓർക്കുന്നു. ഈ സംഭവം ഓർമ്മയിൽ വരുമ്പോഴെല്ലാം ക്രിസ്തുമൊഴി മനസ്സിൽ നിറയുന്നു, 'അല്പത്തിൽ വിശ്വസ്തൻ അധികത്തിന് വിചാരകൻ'.

5) എല്ലാവരോടും തുല്യനീതി പാലിച്ച പിതാവ്

മുൻവിധികളില്ലാതെ മനുഷ്യരെ കേൾക്കുവാനും പ്രശ്നങ്ങൾ ലഘൂകരിക്കുവാനും തിരുമേനി എന്നും ശ്രദ്ധിച്ചിരുന്നു. വൈദികരുടെ നിയമനത്തിൽ പുലർത്തിയിരുന്ന അച്ചടക്കവും തുല്യതയും തിരുമേനിയുടെ മെത്രാസനഭരണത്തിന്റെ മുഖമുദ്രയായിരുന്നു. ദേവാലയങ്ങളിലെ പ്രശ്നങ്ങളോട് സമചിത്തതയോടെയാണ് തിരുമേനി പ്രതികരിച്ചിരുന്നത്. പ്രതിഷേധങ്ങളെയും പ്രതിരോധശബ്ദങ്ങളെയും ഭയക്കാതെ സത്യത്തിന് മാത്രം വലിയ സ്ഥാനം നല്കിയാണ് തിരുമേനി പ്രവർത്തിച്ചിരുന്നത്. തെറ്റിനെതിരായി കൃത്യമായി പ്രതികരിച്ചും തെറ്റു ചെയ്തവരോട് ക്ഷമിച്ചും അഭി. പിതാവ് ഒരു യഥാർത്ഥ ഭരണകർത്താവ് എപ്രകാരമായിരിക്കണമെന്ന് വ്യക്തമാക്കിത്തന്നു. ഒരു അനുഭവം ഇപ്രകാരമാണ്. തിരുമേനി ഒരു കുരിശടി കൂദാശയ്ക്കായി ഒരു ദേവാലയത്തിൽ എത്തി. മദ്ബഹായിൽ തിരുമേനി ഉണ്ടെന്നറിഞ്ഞ ഇടവകവികാരി തൽക്ഷണം അടുത്തുവന്നു. തിരുമേനിയുടെ ആദ്യ ചോദ്യം "കുരിശടിയുടെ ആധാരം എന്തിയെ"? എന്നതായിരുന്നു. പരിശുദ്ധ ബാവാ തിരുമനസ്സിന്റെ പേരിലായിരിക്കണമെന്ന സഭാ നിയമം പരിശോധിക്കുന്നതിനായിരുന്നു ആ ചോദ്യം. അപ്രകാരം അല്ലാത്തതിനാൽ ആധാരം സമർപ്പിക്കുവാൻ വികാരി വിസമ്മതിച്ചു. കൂടെ സഹായിയായി നിന്നിരുന്ന എന്നോട് തിരിച്ചു പോകാം എന്ന് പറഞ്ഞ് കൂദാശ നിർവ്വഹിക്കാതെ തിരുമേനി അവിടെ നിന്ന് മടങ്ങി. പിന്നീട് സഭാ നിയമപ്രകാരമുള്ള ആധാരം കണ്ട് ബോധ്യമായതിനുശേഷം മാത്രമാണ് കൂദാശ നിർവ്വഹിച്ചത്. ഈ പേരിൽ ആരോടും വ്യക്തിപരമായ നീരസവും വൈരാഗ്യവും തിരുമേനി പുലർത്തിയിരുന്നില്ല. എല്ലാവരോടും സ്നേഹത്തോടും വാത്സല്യത്തോടും പെരുമാറിയതെങ്കിലും സഭയുടെ നിയമവും അച്ചടക്കവും പൂർണ്ണമായി പാലിച്ചിരുന്നു.

ഒരു പുരോഹിതൻ കുർബ്ബാന ചൊല്ലുന്നതു ശ്രദ്ധിച്ചാൽ പറയുവാൻ കഴിയും, ആ പുരോഹിതൻ കുമ്പസാരക്കൂട്ടിൽ ആത്മാക്കളെ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്ന്, രോഗികളെയും ദരിദ്രരെയും എങ്ങനെ ശുശ്രൂഷ ചെയ്യുന്നുവെന്ന്, ക്രിസ്തുവിനെ പ്രീതിപ്പെടുത്തുന്നതിലാണോ താല്പര്യമെന്ന്, ദുരിതങ്ങൾ അനുഭവിക്കുന്നവരിൽ സഹനത്തിന്റെയും സഹിഷ്ണുതയുടെയും പൊരുത്തങ്ങൾ തിരിച്ചറിയുന്നതിൽ എത്ര മാത്രം പ്രാപ്തനാണെന്ന്, ഒരു നല്ലിടയനാണോ എന്ന്, ധനികരെയും ദരിദ്രരെയും ഒരുപോലെയാണോ സ്നേഹിക്കുന്നത് എന്ന്, ക്രിസ്തുവിന്റെ വചനമാണോ അതോ പണത്തിന്റെ ഉദ്ഘോഷണങ്ങൾ മാത്രമാണോ നാവിൽ നിന്നുതിരുകയെന്ന്... തിരുമേനിയിൽ ഇതെല്ലാം ദർശിക്കാം.... ശരിക്കും, ഒരു വിശ്വസ്തനും ബുദ്ധിമാനുമായ ദാസൻ....

ചിലരുടെ ഓർമ്മകൾ അങ്ങനെയാണ്. അവർ നമ്മിൽ നിന്ന് വേർപിരിഞ്ഞ് പോയെങ്കിലും മനസ്സുകളിൽ സജീവമായി നിൽക്കും. അഭി. തിരുമേനിയുടെ ഓർമ്മകൾ അപ്രകാരം എന്നെന്നും ഹൃദയങ്ങളിൽ നിറഞ്ഞുതന്നെ നിൽക്കും. ധന്യപിതാവേ! നാഥൻ സന്നിധിയിൽ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ഗീവർഗീസ് മാർ ദീയസ്കോറോസ് പ്രകാശം പരത്തിയ ധന്യജീവിതം

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

കോഴഞ്ചേരി തേവർവേലിൽ റ്റി.ഇ.ജോർജ് സഭാശുശ്രൂഷയിൽ എത്തിത് അവിചാരിതമായാണ്. മദ്രാസ് ക്രിസ്റ്റ്യൻ കോളേജിൽ നിന്ന് ബി.എം.യും ബോംബെ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ നിന്ന് സോഷ്യോളജിയിൽ എം.എം.യും കരസ്ഥമാക്കിയ ശേഷം കോഴഞ്ചേരി സഹകരണ ബാങ്കിന്റെ സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ചു.

അധികം താമസിയാതെ മദ്രാസിലെ ഗിണ്ടിയിൽ (1954) ബാങ്കിന്റെ ഓഫീസേഴ്സ് ട്രെയിനിംഗ് കോളജിൽ പരിശീലനത്തിനായി പോയി. മദ്രാസിലെ താമസകാലത്ത് ഒരു രാത്രിയിൽ അസാധാരണമായ ഒരു സ്വപ്നം കണ്ട് ഞെട്ടി എണീറ്റു. എവിടെ നിന്നോ കേട്ട സ്വരം ജീവിതത്തിന് വഴിത്തിരിവായി. *'തിരിച്ചു നാട്ടിലേക്കു പോവുക; വലിയ കാര്യങ്ങൾ നിനക്ക് ചെയ്യുവാനുണ്ട്.'* സ്വപ്നം വലിയ കാര്യമാക്കിയില്ല. പല ദിവസങ്ങളിലും രാത്രിയിൽ ഇതേ സ്വരം കേൾക്കുന്നതായി അനുഭവപ്പെട്ടു. ഇത് വലിയ അസ്വസ്ഥതകൾ സൃഷ്ടിച്ചു. ദിവസങ്ങൾക്കകം അതിശക്തമായ അസുഖം അനുഭവപ്പെട്ടു കിടപ്പിലായി. തുടർ ചികിത്സയ്ക്കായി വെല്ലൂർ മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചു. വീട്ടിൽ പോയി നല്ലതുപോലെ വിശ്രമിക്കണം എന്ന് ഡോക്ടർമാർ നിർദ്ദേശിച്ചു.

മദ്രാസിൽ പരിശീലനത്തിന് പോയ റ്റി.ഇ. ജോർജ് കോഴഞ്ചേരിയിൽ തിരിച്ചെത്തിയത് അങ്ങനെയാണ്. പിന്നെ അധികം താമസിച്ചില്ല. ബാങ്ക് ഉദ്യോഗം രാജിവച്ച് വൈദിക പഠനത്തിനായി കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ ചേർന്നു. വൈദിക പഠനം വിജയകരമായി പൂർത്തിയാക്കി. തുടർന്ന് 1965-ൽ അമേരിക്കയിലും പിന്നീട് യറുശലേമിലും ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തി. 1970-ൽ റാന്നിയിൽ ഹോളി ട്രിനിറ്റി ആശ്രമം സ്ഥാപിച്ച് അവിടെ താമസമാക്കി. ഈ കാലഘട്ടത്തിൽ ഊർജ്ജസ്വലനും സംഘാടകനും സാഹിത്യപ്രവർത്തകനും വിശ്വാസ തീക്ഷ്ണതയുമുള്ള വൈദികനുമായി കേരളത്തിൽ അറിയപ്പെട്ടു. 1973 മുതൽ തുമ്പമൺ ഭദ്രാസന സെക്രട്ടറിയായിരുന്നു. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ 1976 ആഗസ്റ്റ് 15-ന് ഫാ. റ്റി.ഇ. ജോർജിനെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തിരഞ്ഞെടുത്തു.

പഴഞ്ഞിയിൽ വച്ച് 1978 മെയ് 15-ന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ *'ഗീവർഗീസ് മാർ ദീയസ്കോറോസ്'* എന്ന പേരിൽ മെത്രാപ്പോലീത്തയായി ഉയർത്തി. 1979-ൽ പുതുതായി രൂപീകരിച്ച തിരുവനന്തപുരം ഭദ്രാസനത്തിന്റെ പ്രഥമ അധിപനായി. സാമൂഹ്യസേവനത്തിനായി ജീവിതം സമർപ്പിച്ച കർമ്മയോഗിയായി തീർന്നു ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്ത.

തിരുവനന്തപുരം, കൊല്ലം, കന്യാകുമാരി ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന നൂറിലധികം ഇടവകകളെ വികസനത്തിന്റെ പാതയിലേക്ക് അദ്ദേഹം നയിച്ചു. വിവിധ സാമൂഹ്യ സേവന പദ്ധതികൾക്ക് പ്രാധാന്യം നൽകിയുള്ള അജപാലന ശുശ്രൂഷയാണ് ആസൂത്രണം ചെയ്തത്. 20 വർഷത്തെ ഭരണസാമർത്ഥ്യത്തിൽ ഭദ്രാസനത്തിൽ വിവിധ വികസന പദ്ധതികൾ നടപ്പാക്കുന്നതിൽ വളരെ കഠിനാദ്ധ്വാനവും ത്യാഗവും സഹിച്ചു. വിസ്തൃതവും ബഹുമുഖവുമായ പദ്ധതികൾ പലതും സാമൂഹ്യരംഗത്തെ സമഗ്ര വികസനത്തിനുള്ളതായിരുന്നു.

ഭിന്നശേഷിക്കാരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായ വളർച്ചയ്ക്കാവശ്യമായ കർമ്മ പദ്ധതകൾ ആവിഷ്കരിക്കുന്നതിനും സാധിച്ചു.

ജാതിമതഭേദമെന്യേ വൈകല്യമുള്ള ബാലന്മാരെ പുനരധിവസിപ്പിച്ച് വിദ്യാഭ്യാസം നൽകുന്നതിനായി തിരുവനന്തപുരം ശ്രീകാര്യത്ത് വികലാംഗ ശിശുക്ഷേമ കേന്ദ്രം 1986 മാർച്ച് 9-ന് ആരംഭിച്ചു. അംഗ വൈകല്യമുള്ള



60-ൽപരം ബാലന്മാർക്ക് സഞ്ചാരക്ഷമതാ പരിശീലനവും വിദ്യാഭ്യാസവും നൽകുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ഭാരതത്തിന്റെ തെക്കൻ ജില്ലകൾ കേന്ദ്രീകരിച്ച് സാമൂഹ്യപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്ന വിവിധ മിഷൻ കേന്ദ്രങ്ങൾ ആരംഭിച്ചു. ആയൂർ-ഇടമുള്ക്കൽ വി.എം.ഡി.എം. സെന്റർ ആരംഭിച്ച് വിവിധ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്ന മിഷൻ സെന്ററാക്കി. പാലവിള, മലയിൻകീഴ്, ചെങ്കോട്ട എന്നിവടങ്ങളിലും സാമൂഹ്യക്ഷേമപദ്ധതികൾ ആരംഭിച്ച് നടപ്പാക്കി. വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കോൺവെന്റുകൾ, ആശ്രമങ്ങൾ എന്നിവയുടെ സ്ഥാപനത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചു.

റാന്നിയിൽ പിതൃസ്വത്തായി ലഭിച്ച വസ്തുവും ഭവനവും സഭയ്ക്ക് നൽകി. അവിടെ 'ഹോളി ട്രിനിറ്റി' എന്ന പേരിൽ 1970-ൽ ആശ്രമം പണിതുയർത്തി. ആതുരസേവനം സാധുജനസംരക്ഷണം വിദ്യാഭ്യാസപ്രവർത്തനങ്ങൾ എന്നിവയ്ക്കായി സന്ന്യാസികളെ വാർത്തെടുക്കുകയാണ് ലക്ഷ്യം.

തിരുവനന്തപുരം ഉള്ളൂർ ജംഗ്ഷനിൽ സ്ഥാപിതമായ കേന്ദ്രത്തിൽ ഭദ്രാസന ആസ്ഥാനവും ചാപ്പലും ഉൾപ്പെടുന്നു. റാന്നിയുടെ വികസന പ്രക്രിയയിൽ അദ്ദേഹത്തിന് ക്രിയാത്മകമായ പങ്കാളിത്തം ഉണ്ടായിരുന്നു. റാന്നിയിൽ ക്ഷീരവികസന സഹകരണസംഘം തുടങ്ങുന്നതിനും ആയുർവേദ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിനും ടൗൺഹാളും പബ്ലിക്ക് ലൈബ്രറിയും ആരംഭിക്കുന്നതിനും അദ്ദേഹം വഹിച്ച പങ്ക് നിസ്തുലമാണ്. റാന്നി ഇട്ടിയപ്പാറ ഓർത്തഡോക്സ് കൺവൻഷന്റെ സ്ഥാപകനാണ്.

ബാലസമാജം പ്രസിഡന്റായി (1982-1986) ചുമതല വഹിച്ച അദ്ദേഹം നിരവധി ബാലന്മാരിൽ ആദ്ധ്യാത്മിക ജീവിതവും സഭാസേവന തല്പരതയും സൃഷ്ടിക്കുവാൻ പ്രേരിപ്പിച്ചു. ഒരു വാർഷികക്യാമ്പ് കഴിയുമ്പോൾ അനേക ബാലന്മാരുമായി അദ്ദേഹം സൗഹൃദം സ്ഥാപിച്ച് കത്തുകളിൽ കൂടി നിരന്തരം ആദ്ധ്യാത്മിക ഉപദേശം നൽകുമായിരുന്നു.

തുമ്പമൺ ഭദ്രാസന സെക്രട്ടറി ആയിരുന്ന 1973 മുതൽ അദ്ദേഹം ബാലസമാജത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ബാലസമാജത്തിന്റെ അഖില മലങ്കര പ്രസിഡന്റായി, വിവിധ കർമ്മ പദ്ധതികളും നേതൃത്വ പരിശീലന കളരികളും ക്യാമ്പുകളും ആവിഷ്ക്കരിച്ചു. ബാലസമാജത്തെ കേന്ദ്രീകൃത നിലയിൽ വളർത്തിയെടുക്കുന്നതിൽ ഗീവർഗ്ഗീസ് മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്താ നിസ്തുല പങ്കാളിത്തം വഹിച്ചു.

ബാലസമാജ ക്യാമ്പിലെ നിറസാന്നിദ്ധ്യമായിരുന്ന അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ ദീയസ്ക്കോറോസ് തിരുമേനി, വിദ്യാർത്ഥികളുമായി ഹൃദ്യമായി ഇടപ്പെട്ടിരുന്നു. വിദ്യാർത്ഥികൾക്ക് കത്തുകൾ അയച്ചിരുന്നു. വിദ്യാർത്ഥികൾ സന്യാസ ആശ്രമ പ്രസ്ഥാനങ്ങളിലേക്ക് ആകൃഷ്ടരാകണമെന്ന് ആവശ്യപ്പെട്ട് കത്തുകൾ എഴുതിയിരുന്നു. 1970-ൽ റാന്നിയിൽ ഹോളി ട്രിനിറ്റി ആശ്രമം അദ്ദേഹം സ്ഥാപിച്ചതിനാൽ വിദ്യാർത്ഥികളെ അവിടേക്ക് അംഗമാകുവാൻ ക്ഷണിച്ചിരുന്നു.

പത്താം ക്ലാസ് വിദ്യാർത്ഥിയായിരുന്ന പന്തളം കരിങ്ങാട്ടിൽ ജോൺ തോമസിന് 1980 മെയ് 21-ന് അദ്ദേഹം മനോഹരമായ കൈയ്യക്ഷരത്തിൽ എഴുതിയ കത്ത് വളരെ ഹൃദ്യമാണ്. ബാലസമാജത്തിന്റെ വടശ്ശേരിക്കര ക്യാമ്പിൽ നിന്ന് ലഭിച്ച ആത്മ പ്രചോദനത്തിന്റെ ഫലമായി 1980 മെയ് 19-ന് വൈദികനാകുവാൻ ആഗ്രഹമുണ്ട് എന്ന് എഴുതിയ കത്തിന് മറുപടിയായി ഗീവർഗ്ഗീസ് മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്താ എഴുതിയത് സന്യാസത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടായിരുന്നു:

ഒരു ആശ്രമത്തിൽ പുരോഹിതനായി ജീവിക്കണമെന്നുള്ള ആഗ്രഹം നല്ലതാണ്. എന്നാൽ അത് ദൈവഹിതമാണോ എന്ന് കൂടുതൽ ഉറപ്പു വരുത്താൻ പ്രാർത്ഥിക്കണം. ഇപ്പോൾ എത്ര വയസ്സുണ്ട്? മാതാപിതാക്കൾക്ക് എത്ര വയസ്സുണ്ട്? സഹോദരി സഹോദരങ്ങൾ എത്രയുണ്ട്? പരീക്ഷാ സർട്ടിഫിക്കേറ്റ് കാണാൻ സൗകര്യപ്പെടണം. ഏത് ഇടവകയാണ്? ഏത് ആശ്രമത്തിൽ ചേരാൻ ആഗ്രഹിക്കുന്നു എന്ന് അറിയിക്കണം. ആശ്രമജീവിതം ലളിതമാണ്. അവിടുത്തെ സുഖവും ദുഃഖവും എല്ലാം അനുഭവിക്കാൻ സന്നദ്ധമാകണം. തലമുടി പറ്റ വെട്ടണം. വെള്ള വസ്ത്രമേ ധരിക്കാൻ പറ്റു. യാമപ്രാർത്ഥന, വേദപുസ്തക വായന, ധ്യാനം ഇവ നടത്തണം. ഉപവാസം, നോമ്പ് ഇവ അനുഷ്ഠിക്കണം. നല്ല പരിശ്രമശീലം ഉണ്ടാകണം. ആശ്രമത്തിൽ ചേർന്നാൽ ആശ്രമത്തിന്റെ ചുമതലക്കാർ തീരുമാനിക്കുമ്പോഴെ പഠനം തുടരാൻ പറ്റൂ. കുറഞ്ഞത് പ്രീ യൂണിവേഴ്സിറ്റി എക്സാമിനേഷൻ പാസ്സാകാതെ വൈദിക സെമിനാരിയിൽ പഠിക്കാൻ പറ്റുകയില്ല.

ഇങ്ങനെയുള്ള കാര്യങ്ങൾക്ക് സന്നദ്ധമാണോ എന്ന് എഴുതുക. പ്രാർത്ഥിക്കുക. അങ്ങനെയെങ്കിൽ ഹോളി ട്രിനിറ്റി ആശ്രമം, റാന്നിയിൽ നിൽക്കാൻ സൗകര്യപ്പെടുത്താം. അല്ല ബഥനിയിൽ ചേരാനാണ് താല്പര്യമെങ്കിൽ അതും ആകാം. രണ്ടിടത്തും പോയി ഏതാനും ദിവസം താമസിക്കുക. ആശ്രമത്തിലെ മറ്റംഗങ്ങൾക്കുകൂടി തൃപ്തികരമായ സ്വഭാവവും പെരുമാറ്റവും ഉണ്ടായിരിക്കണം. മറുപടി അയയ്ക്കുക. കൂടുതൽ വിവരങ്ങൾ അപ്പോൾ എഴുതാം... പ്രാർത്ഥിക്കുക, ഒരുങ്ങുക. ദൈവവിളി മനസ്സിലാക്കുക. ദൈവം അനുഗ്രഹിക്കട്ടെ.


അന്ത്യ യാത്ര.

പത്താം ക്ലാസ്സുകാരനായ ഒരു വിദ്യാർത്ഥിക്കാണ് ഇത്രയും ദീർഘമായ എഴുത്ത് ഗീവർഗ്ഗീസ് മാർ ദിയസ്ക്കോറോസ് തിരുമേനി 1980-ൽ എഴുതിയത്. ഇതേപോലെ ക്യാമ്പിൽ പങ്കെടുത്ത മിക്ക കുട്ടികൾക്കും സ്വന്തം കൈപ്പടയിൽ സുന്ദരമായ അക്ഷരത്തിൽ എഴുതുമായിരുന്നു. ബാലസമാജം ക്യാമ്പുകളിൽ നിന്ന് വളരെയധികം പേർ സഭയുടെ ആദ്ധ്യാത്മിക രംഗത്തേക്ക് വന്നിട്ടുണ്ട്. വളരെ സാത്വികനായ അദ്ദേഹം 1999 ജൂലൈ 23-ന് കാലം ചെയ്തു, റാന്നി ഹോളി ട്രിനിറ്റി ആശ്രമത്തിൽ കബറടക്കി. ഗീവർഗ്ഗീസ് മാർ ദിയസ്ക്കോറോസ് തിരുമേനിയുടെ ചരമ രജത ജൂബിലിയാണ് 2024. ഓർമ്മ : ജൂലൈ 23



കോട്ടയം ആർദ്രചാരിറ്റബിൾ സൊസൈറ്റിയുടെ ജൂലൈ മാസത്തെ ഭക്ഷ്യ കിറ്റ് വിതരണം ദേവലോകം അരമന ഓഡിറ്റോറിയത്തിൽ വച്ചു നടന്ന ചടങ്ങിൽ പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു പ. ബസേലിയോസ് പൗലൂസ് ദ്വിതിയൻ ബാവായുടെ ഓർമ്മയ്ക്കായി സഹോദരൻ പദ്ധതിയും ആർദ്രയും ഒന്നിച്ചുചേർന്നാണ് 135-ഓളം നിർദ്ധനരായ ആളുകൾക്ക് പ്രതിമാസം ഭക്ഷണ കിറ്റ് വിതരണം ചെയ്യുന്നത് യോഗത്തിൽ ഫാ. കെ. വൈ. വിത്സൺ, സെക്രട്ടറി ജോസഫ് അലക്സാണ്ടർ, ട്രഷറർ റോയി തോമസ് എന്നിവർ സംസാരിച്ചു.



തിരുവനന്തപുരം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത ആയിരുന്ന ഗീവർഗീസ് മാർ ദിയാസ്ക്കോറസിന്റെ 25-ാമത് ഓർമ്മപെരുന്നാളിന് റാന്നി ഹോളി ട്രിനിറ്റി ആശ്രമത്തിൽ യൂഹാനോൻ മാർ തെവേദോറോസ് മെത്രാപ്പോലീത്താ കൊടിയേറ്റുന്നു. ജോഷ്വാ മാർ നിക്കോദിമോസ് സമീപം. ജൂലൈ 22, 23 തീയതികളിൽ പ. കാതോലിക്കാ ബാവായുടെയും തിരുമേനിമാരുടെയും കാർമികത്വത്തിൽ ഓർമ്മപെരുന്നാൾ നടക്കും.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

കൈസേരിയായിലെ മാർ ബസേലിയോസിന്റെ ഒന്നാം സങ്കീർത്തനത്തെ ആസ്പദമാക്കിയുള്ള പ്രസംഗം

ഫാ. ജോബ് സാം മാത്യു
(ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം)

(Homily 10. തുടർച്ച)

ഒരു കെട്ടിടം നിർമ്മിക്കുമ്പോൾ മികച്ച അടിത്തറ ആവശ്യമാണ്. ഒരു കപ്പൽ നിർമ്മിക്കുമ്പോൾ, എത്ര ഭാരം വഹിക്കണം എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നൗക നിർമ്മിക്കും. സമാനമായി സങ്കീർത്തനങ്ങളിലേക്കു പ്രവേശിക്കാൻ മികച്ച ഒരു ആമുഖമാണ് സങ്കീർത്തനക്കാരൻ നൽകുന്നത്. സന്തോഷകരമായ അവസാനം ലഭിക്കാൻ ജീവിതത്തിൽ പരിഭവങ്ങൾ കൂടാതെ നാം കഷ്ടതകൾ സഹിക്കണം. ദീർഘവും കഠിനതരവുമായ പാതയിൽ സഞ്ചരിക്കുന്നവർക്കു ക്ഷീണം അകറ്റാൻ അനുയോജ്യമായ വിശ്രമകേന്ദ്രം ആവശ്യമാണ്. മികച്ച വേതനം ലഭിക്കുമെന്ന പ്രതീക്ഷയാണ് പ്രക്ഷുബ്ധമായ കടൽ താണ്ടാൻ ഒരു നാവികനെ പ്രേരിപ്പിക്കുന്നത്. മികച്ച വിളവ് ലഭിക്കും എന്ന പ്രതീക്ഷ കർഷകന്റെ വിരസത അകറ്റും. ഇന്നത്തെ കഷ്ടതകൾക്കപ്പുറം നിത്യമായ സന്തോഷം ആസ്വദിക്കാൻ നാം പരിശ്രമിക്കേണ്ടതിനു നമ്മുടെ മാർഗദർശിയും ശ്രേഷ്ഠഗുരുവും സത്യാത്മാവുമായവൻ (Director of our lives, Great Teacher, Spirit of Truth) നമുക്കായി, വിവേകത്തോടും സമർത്ഥ്യത്തോടും പ്രതിഫലം കാത്തു വച്ചിരിക്കുന്നു.

ഏറ്റവും അനുഗ്രഹീതവും സുപ്രധാനവും പ്രാഥമികവും ദൈവമാണ്. മനുഷ്യൻ ആഗ്രഹിക്കുന്നത് സന്തോഷകരമായ ജീവിതമാണ്. അതിൽ മാറ്റങ്ങളോ വ്യത്യാസങ്ങളോ ഉണ്ടാവുകയില്ല. അവിടെ കൃപ സമൃദ്ധമായി ഒഴുകുന്നു. അത് അക്ഷയമായ ഭണ്ഡാരമാണ്. എന്നാൽ മൂഢന്മാരും ലൗകികരുമായവർ നന്മയെ തിരിച്ചറിയുന്നില്ല. അവർ സാരമില്ലാത്തതായ സമ്പത്തുകളും ആരോഗ്യവും പ്രശസ്തിയും കാംഷിക്കുന്നു. ഇവയെ കൈവശമാക്കുന്നവർക്കു നന്മയുള്ളവരാകാൻ കഴിയുകയില്ല. ധനവും ആരോഗ്യവും പ്രശസ്തിയും തെറ്റായി ഉപയോഗിക്കുന്നവർ പാപത്തിനു ദാസന്മാരാകും. ദൈവികമായ പാതയിൽ സഞ്ചരിക്കുന്നവരാണ് അനുഗ്രഹീതർ. ഇവിടെ ഭാഗ്യവാൻ എന്നു പറയുമ്പോൾ പുരുഷന്മാരെ മാത്രമാണോ ഉദ്ദേശ്യമാക്കുന്നത്? അല്ല. പ്രവാചകൻ സ്ത്രീകളെയും ഉൾപ്പെടുത്തിയിരിക്കുന്നു. 'The virtue of man and woman is the same, since creation is equally honoured in both; therefore, there is the same reward for both.' പുരുഷൻ എന്നാണ് പറഞ്ഞിരിക്കുന്നതെങ്കിലും സ്ത്രീയും അതിൽ ഉൾപ്പെടുന്നുണ്ട്.

ഇവിടെ ഭാഗ്യവാൻ എന്നത് നടന്നു കഴിഞ്ഞവരെ അല്ല; നടക്കുന്നവരെയാണ്. ഇത് വ്യക്തമായി പറയുന്നു. നല്ലതു ചെയ്തവനെ അല്ല, പാപം ചെയ്യാത്തവനെയാണ് ഭാഗ്യവാൻ എന്നു പറഞ്ഞിരിക്കുന്നത്. കുതിരയും കാളയും കല്ലും പാപം ചെയ്യാത്തതിനാൽ ഭാഗ്യവാൻ എന്ന ഗണത്തിൽ ഉൾപ്പെടേണ്ടിയതായി വരും. മനുഷ്യേതരമായ ഏതാണ് പാപികളുടെ വഴിയിൽ നിൽക്കുന്നതും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കുന്നതും? ജ്ഞാനമുള്ളവർ ദൈവികമായ നിയമം പാലിക്കും. നന്മ ആർജ്ജിക്കുന്നതിനുള്ള തുടക്കം തിന്മയിൽ നിന്നും അകലുക എന്നതാണ്.

ഇവിടെ ദാവീദ് സൽപ്രവർത്തികളിലേക്കു വിവേകത്തോടും വിദഗ്ധമായും നമ്മെ നയിക്കുന്നു. അന്തിമമായി ലഭിക്കുന്ന പരിപൂർണ്ണതയെക്കുറിച്ച് തുടക്കത്തിൽ തന്നെ പറയുന്നില്ല. അങ്ങനെ ചെയ്താൽ നാം ആശങ്കപ്പെട്ടേക്കാം. ഭക്തിയുടെ പരിശീലനം (exercise of piety) യാക്കോബ് ദർശിച്ച ഗോവണി പോലെയാണ്. അവിടെ സ്വർഗ്ഗവും ഭൂമിയും തമ്മിൽ ബന്ധം ഉണ്ടായിരുന്നു. സത്പ്രവർത്തികളിൽ പുരോഗമിക്കുന്നതിനു മനുഷ്യസ്വഭാവത്തിനു അനുയോജ്യമായ വിധത്തിൽ ചുവടുകൾ വയ്ക്കണം. ഈ ഗോവണിയുടെ ആദ്യപടി ലോകത്തിൽ നിന്നുള്ള പിന്മാറലാണ്. ദൈവത്തോടു സഹവർത്തിത്വം നേടാൻ ആദ്യം പാപത്തിൽ നിന്നും അകലണം. അലസരാകുന്നതാണ് എന്തെങ്കിലും



പ്രവർത്തികളിൽ വ്യാപൃതരാകുന്നതിനേക്കാൾ സുഗമം. കൊല ചെയ്യരുത്, വ്യഭിചരിക്കരുത്, മോഷ്ടിക്കരുത് എന്നീ നിർദ്ദേശങ്ങൾ എല്ലാം നിഷ്ക്രിയത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ 'കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുക' (മത്തായി 19:19), 'നിനക്കുള്ളതു വിറ്റു ദരിദ്രർക്ക് കൊടുക്കുക' (മത്തായി 19:21), 'ഒരുത്തൻ നിന്നെ ഒരു നാഴിക വഴി പോകാൻ നിർബന്ധിച്ചാൽ രണ്ടു അവനോടുകൂടെ പോവുക' (മത്തായി 5:41) എന്നിവ കായികമായ അധ്വാനം ആവശ്യപ്പെടുന്നതും മുൻപേതന്നെ ഊർജ്ജസ്വലമായ ആത്മാവ് അനിവാര്യവുമായ പ്രവർത്തികളാണ്. അതിനാൽ പരിപൂർണ്ണതയിലേക്ക് നമ്മെ നയിക്കുന്നവന്റെ ജ്ഞാനത്തെ നമുക്ക് ആദരിക്കാം.

നാം ശ്രദ്ധിക്കേണ്ടതായ മൂന്നു കാര്യങ്ങൾ ഒന്നാം സങ്കീർത്തനത്തിന്റെ ആദ്യവാക്യത്തിൽ തന്നെ പറയുന്നുണ്ട്. ആദ്യമായി ഹൃദയത്തിൻറെ വിശുദ്ധി നാം കാത്തുസൂക്ഷിക്കണം. കാരണം നമ്മുടെ ശരീരത്തിലെ എല്ലാ പ്രവർത്തികളും ഹൃദയത്തിലെ തീരുമാനത്തിലെ അടിസ്ഥാനത്തിലാണ് നടക്കുന്നത്. കർത്താവ് ഇത് നമ്മെ ഓർമിപ്പിച്ചിട്ടുണ്ട്. 'വായിൽനിന്നു പുറപ്പെടുന്നതോ ഹൃദയത്തിൽ നിന്നു വരുന്നു; അതു മനുഷ്യനെ അശുദ്ധമാക്കുന്നു' (മത്തായി 15:18). വിശ്വാസത്തിനു പകരം സംശയങ്ങളാണ് നമ്മുടെ ഹൃദയത്തിൽ സംക്ഷേപിക്കുന്നതെങ്കിൽ, ദൈവത്തിനെതിരായ അവിശ്വാസം നാം വച്ചുപുലർത്തുകയാണ്. നമ്മെ സൃഷ്ടിച്ചവനിൽ കാപട്യം നിറഞ്ഞ അവിശ്വാസം വച്ചുപുലർത്താതെയും വർത്ത

മാനകാലത്തെക്കുറിച്ചു വ്യാകുലത കൂടാതെയും, വാഗ്ദത്തം ചെയ്തിരിക്കുന്നവയിൽ പ്രത്യാശ പുലർത്തുന്നവരാണ് ഭാഗ്യവാന്മാർ.

ജീവിതത്തെ ഒരു പാത (way) എന്നാണ് വിളിക്കുന്നത്. അത് ഒരു അവസാനത്തിലേക്കെത്തുന്നു. ഒരു കപ്പലിൽ ഉറങ്ങുന്നവർ, അവർ അറിയുന്നില്ലെങ്കിലും കാറ്റ് അതിന്റെ ശക്തി കൊണ്ട് ഒരു തുറമുഖത്തേക്ക് എത്തിക്കുന്നു. അതുപോലെ, നമുക്കു മനസ്സിലാകാത്ത ജീവിതപന്ഥാവിൽ, നമുക്കായി വിഭാവനം ചെയ്തിരിക്കുന്ന അന്ത്യത്തിലേക്കു വിരാമമില്ലാത്തതും ചഞ്ചലവുമായ വിധത്തിൽ ബദ്ധപ്പെട്ടു പോകുന്നു. നമ്മൾ ശ്രദ്ധിക്കുന്നില്ലെങ്കിലും നമ്മുടെ ജീവിതം ചിലവഴിക്കപ്പെടുന്നുണ്ട്. നാമെല്ലാവരും അവരവർക്കായി നൽകപ്പെട്ടിരിക്കുന്ന പാതയിൽ സഞ്ചരിക്കുകയാണ്. ജീവിതത്തിൽ യാത്രികരാണ് നിങ്ങൾ. എല്ലാറ്റിനെയും നിങ്ങൾ പിന്നിടുന്നു. ശാശ്വതമായ സുഖങ്ങളോ നിത്യമായ ക്ലേശങ്ങളോ ഇല്ല! 'Life holds neither lasting pleasures nor permanent afflictions.' ഈ വഴിയോ ആനുകാലിക സംഗതികളോ നിങ്ങളുടെതല്ല. ഒരാൾ മറ്റൊരാളെ ഈ പാതയിൽ അനുഗമിക്കുന്നു. ഇന്നു നിങ്ങൾ അധ്വാനിച്ചു. നാളെ മറ്റൊരാൾ. അതിനുശേഷം വേറൊരാൾ. ഒരു വീടോ ഭൂമിയോ പോലും അനേകരുടെ കൈകളിൽ മാറിമറിഞ്ഞിട്ടുണ്ട്.

പാപികളുടെ വഴിയിൽ നിൽക്കാത്ത മനുഷ്യൻ ഭാഗ്യവാൻ എന്നു പറയുന്നതിന്റെ അർത്ഥമെന്താണ്? ആദ്യകാലത്തു എല്ലാ മനുഷ്യരും പാപത്തിലോ നന്മയിലോ ആയിരുന്നില്ല. അന്നു നമ്മുടെ ബുദ്ധി (reason, യുക്തി) ശുദ്ധമായിരുന്നു. നമ്മുടെ ശരീരത്തിലെ വികാരങ്ങളിൽ നിന്നു പാപമായ ചിന്തകൾ നമ്മുടെ മനസ്സിൽ ഉയർന്നു. എന്നാൽ നന്മയെ തിരിച്ചറിയുവാനുള്ള വിവേചനശക്തി നമ്മിൽ ഉണ്ടായപ്പോൾ (അതായത് ന്യായപ്രമാണം ലഭിച്ചപ്പോൾ), വ്യർത്ഥമായ ചിന്തകൾക്കുമേൽ മനസിനു നിയന്ത്രണമുറപ്പിക്കാൻ കഴിഞ്ഞില്ല. പകരം മനസ്സിന്റെമേൽ വികാരങ്ങൾ ആധിപത്യമുറപ്പിച്ചു. പാപം ശക്തി പ്രാപിച്ചു. മനസ്സ് അതിൻറെ കല്പന ലംഘനങ്ങളാൽ നാശമേറ്റുവാങ്ങി. പാപികളുടെ പാതയിൽ സഞ്ചരിക്കാതെ, ഉദാത്തമായ ജീവിതത്തിലേക്ക് മികവുള്ള വിചിന്തനം വഴി പെട്ടെന്നു പ്രവേശിച്ചവൻ ഭാഗ്യവാൻ. വിശാലവും വീതിയുള്ളതുമായ ഒരു പാതയും ഇടുങ്ങിയതും അടഞ്ഞതുമായ മറ്റൊരു പാതയുമുണ്ട്. രണ്ടു വഴികാട്ടികളുമുണ്ട്. അവർ യാത്രികനെ തങ്ങളുടെ പക്ഷത്തോടു അടുപ്പിക്കാൻ ശ്രമിക്കുന്നു. വിശാലവും അധോഗതിയിലേക്കു പോകുന്നതുമായ പാതയിലുള്ള വഞ്ചകനും അധാർമിയുമായ പിശാച്, തന്നെ അനുഗമിക്കുന്നവരെ വിശ്വാസത്തിലൂടെ നാശത്തിലേക്കു തള്ളിയിടുന്നു. എന്നാൽ പ്രയാസപൂർണ്ണവും ചെങ്കുത്തായതുമായ പാതയിലുള്ള നന്മയുള്ള മാലാഖ, നന്മ നിറഞ്ഞ പരിശ്രമങ്ങളിലൂടെ അനുഗ്രഹീതമായ അന്ത്യത്തിലേക്കെത്താൻ അനുയായികളെ നയിക്കുന്നു.

ക്ഷണികമായ സുഖങ്ങൾക്കു (pleasures of the moment) പിറകെ പോകുന്നവർക്കു ഭാവിയെക്കുറിച്ച് ധാരണയില്ല. എന്നാൽ ഉത്തമമായ വിവേചനശക്തി നേടിക്കഴിയുമ്പോൾ, ഓരോ സംഗതികളുടെയും സവിശേഷതകൾ വിലയിരുത്തി, ശരി–തെറ്റുകൾ മനസ്സിലാക്കി മുന്നോട്ടുപോകാൻ അവനു ഇടയാകും. ഈ കാലത്തിലെ എല്ലാ സുഖങ്ങളുടെയും വൃത്താന്തം പാപിയുടെ ജീവിതത്തിൽ ദൃശ്യമാണ്. എന്നാൽ ഭാവിയിലെ അനുഗ്രഹങ്ങൾ മാത്രം നീതിമാന്റെ ജീവിതം നേർമ്മയായി വെളിപ്പെടുത്തും. ലൗകികതയിൽ അഭിരമിച്ച്, അച്ചടക്കമില്ലാത്ത ജീവിതം നയിക്കുമ്പോൾ ഭാവിയിലെ ആനന്ദമല്ല, മറിച്ച് ഇന്നത്തെ ക്ഷണികത മാത്രം വെളിപ്പെടും. അതിനാൽ നിത്യതയെക്കുറിച്ചു വിചാരമുള്ളവർ നന്മ മാത്രം തിരഞ്ഞെടുക്കണം. ശരീരത്തിന്റെ അടിമപ്പെടുത്തുന്ന സുഖങ്ങൾ മാറ്റിവയ്ക്കണം. അമിത മദ്യപാനത്തിനു പകരം ഉപവാസവും, നിയന്ത്രണമില്ലാത്ത ആഹ്ലാദത്തിനു പകരം സമൃദ്ധമായ കണ്ണുനീരും, നൃത്തത്തിനു പകരം പ്രാർത്ഥനയും, പുല്ലാംകുഴലിനു പകരം ആർത്തനാദവും, അജിതേന്ദ്രിയത്വത്തിനു (incontinence) പകരം താരുണ്യവും (virginity) നമുക്ക് തെരഞ്ഞെടുക്കാം. ഏറ്റവും നല്ലതു മനസ്സിലാക്കാൻ കഴിയുക വിശ്വാസപൂർണ്ണമായ വിചിന്തനത്തിലൂടെയാണ്. താൽക്കാലിക സുഖങ്ങളുടെ പ്രേരണയിൽ നാശത്തിലേക്കു വീഴാതെ നിലനിൽക്കുന്നവൻ ഭാഗ്യവാൻ. അവൻ ക്ഷമാപൂർവമായ സഹനത്തിലൂടെ രക്ഷയെക്കുറിച്ചുള്ള പ്രത്യാശയ്ക്കായി താല്പര്യപൂർവ്വം പ്രതീക്ഷിക്കുന്നു. അതിനാൽ വില കുറഞ്ഞതിനെ തെരഞ്ഞെടുക്കാതെ കാക്കുന്നു.

പരിഹാസികളുടെ ഇരിപ്പിടത്തിൽ (രവമശ്യ ീള ുലശേഹലിരല) ഇരിക്കാത്തവൻ ഭാഗ്യവാൻ. തിന്മയോട് ബോധപൂർവ്വം ചേർന്നു നിൽക്കുന്നതു വഴി നമ്മുടെ ആത്മാക്കളെ അപകടത്തിലാക്കുകയാണ് നാം. ആത്മാവിൽ വേരുന്നിയതായ ഒരു അവസ്ഥയെയും ദീർഘകാലമായി ശക്തിപ്പെട്ട ഒരു ശീലത്തെയും സൗഖ്യമാക്കുക ദുഷ്കരമാണ്. അതു ഒരു രീതി എന്നതിൽ നിന്നും സ്വഭാവമായി മാറുവാനുള്ള സാധ്യതയുമുണ്ട്. പാപത്തോടു ബന്ധപ്പെടാൻ ഇടയാകരുതേ എന്ന് പ്രാർത്ഥിക്കേണ്ടത് അനിവാര്യമാണ്. തിന്മയിൽ നിന്നും മടികൂടാതെ പെട്ടെന്നുതന്നെ അകലണം. തിന്മ ചെയ്യുന്നത് സ്വഭാവമായി മാറിയതിനാൽ, യൗവനകാലത്തു വീണ ലൗകികതയിൽ വാർദ്ധക്യത്തിലും തുടരുന്നവരുണ്ട്. ഒരു പന്നി ചെളിയിൽ വീണ്ടും വീണ്ടും ഉരുളുന്നതുപോലെ അവരും വിഷയാസക്തിയുടെ കളങ്കത്തിൽ തുടരുന്നു. മനസ്സിൽ തിന്മയില്ലാത്തവൻ ഭാഗ്യവാൻ. അഭക്തമായ ചിന്തനം ആത്മാവിലുണ്ടെന്നു തിരിച്ചറിഞ്ഞാൽ പാപത്തിൽ തുടരരുത്.

ഇരിപ്പിടം എന്നത് അധർമ്മത്തിൽ നിൽക്കുക (lasting persistence in evil) എന്നാണ് അർത്ഥമാക്കുന്നത്. ഒരു പകർച്ചവ്യാധി ഒരാൾക്കു പിടിച്ചാൽ മറ്റുള്ളവരിലേക്കു വ്യാപിക്കും. അപ്രകാരം ഒരാൾ പാപത്തിൽ വീണാൽ അത് മറ്റുള്ളവരെ സ്വാധീനത്തിലാക്കുകയും എല്ലാവരും നശിക്കുകയും ചെയ്യും. ചിലർ പൊതുയിടങ്ങളിൽ തങ്ങളുടെ അധർമ്മ പ്രവർത്തികളെ വീരകൃത്യങ്ങളായി ചിത്രീകരിക്കാറുണ്ട്. അവർ തങ്ങളുടെ അധർമ്മം എല്ലാവരിലേക്കും വ്യാപിക്കുന്നതിനു ശ്രമിക്കുന്നവരാണ്. ഒരു കൂട്ടത്തെ ചേർത്തിണക്കി തങ്ങൾക്കുമേൽ വീഴുന്ന നിന്ദ ലഘൂകരിക്കാൻ അവർ പരിശ്രമിക്കും. അഗ്നി വ്യാപിപ്പിക്കാൻ ഒരു ചെറിയ കാറ്റ് ഇടയാക്കും. അപ്രകാരം പാപത്തെ വ്യാപിപ്പിക്കാൻ അധാർമികമായ പിന്തുണ സഹായിക്കും. ഒരുവനിൽതന്നെ ഒതുങ്ങി നിൽക്കാൻ ദുരാത്മാവ് തയ്യാറല്ല. മറിച്ച് വ്യാപിക്കുന്നതിനാണ് താൽപര്യപ്പെടുക. രൂക്ഷമായ മദ്യപാനവും വൈകൃതം നിറഞ്ഞ കഥകളും ദുർവൃത്തയോടുള്ള ഇടപെടലും എന്നിവയെല്ലാം പാപത്തെ ജ്വലിപ്പിക്കും

ജീവിതത്തിൽ വരുത്തുന്ന മാറ്റങ്ങളാണ് ഒരാളെ ശ്രദ്ധേയനാക്കുന്നത്. സൈനിക മേധാവിയെ പോലെയാകാൻ സാധാരണ പടയാളി ശ്രമിക്കും. അധികാരികളെ പോലെയാകാൻ സാധാരണ ജനങ്ങളും ശ്രമിക്കുന്നു. അപ്രകാരം ഒരുവന്റെ തിന്മയെ അനേകർ മാതൃകയാക്കാൻ സാധ്യതയുണ്ട്. അതിനാൽ അധാർമ്മികരുടെ ഇരിപ്പിടത്തിൽ ഇരിക്കുന്നതിനോ, പ്രലോഭിപ്പിക്കുന്നവരുടെയും അധഃപ്പതിച്ചവരുടെയും ഉപദേശം കേൾക്കുന്നതിനോ നിൽക്കരുത്.

തന്റെ പ്രസംഗം അതിൻറെ ആമുഖത്തിൽതന്നെ നിൽക്കുകയാണെന്നു തുടർന്ന് ബസേലിയോസ് അഭിപ്രായപ്പെടുന്നു. ശബ്ദത്തിനു പകർച്ച നേരിടുന്നതിനാൽ അദ്ദേഹം ഉപസംഹരിക്കുകയാണ്. തിന്മയിൽ നിന്നും അകലുന്നതിനെക്കുറിച്ചാണ് അദ്ദേഹം ഉപദേശിച്ചത്. സദ്പ്രവർത്തികളിലൂടെ പൂർണ്ണതയിലേക്ക് എത്തുന്നതിനെക്കുറിച്ചുള്ള പ്രബോധനം പൂർത്തീകരിക്കാൻ അദ്ദേഹത്തിനു കഴിയില്ല. തൻറെ വാക്കുകൾക്കും പ്രതിഫലവും കേട്ടതിനു ഫലപ്രാപ്തിയും ക്രിസ്തുവിന്റെ കൃപയാൽ ദൈവം നൽകട്ടെ എന്ന് ആശംസിച്ചു അദ്ദേഹം നിർത്തുന്നു.

❑



തുമ്പമൺ എം.ജി.എച്ച്.എസ്.എസ്. സ്കൂളിലെ എസ്.എസ്.എൽ.സി., പ്ലസ് ടു ഉന്നത വിജയികൾക്കുള്ള അവാർഡ് ദാനവും അനുമോദന സമ്മേളനവും കാതോലിക്കേറ്റ് & എംഡി സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസിന്റെ അധ്യക്ഷതയിൽ നടന്നു.

പുസ്തകം


ആരാധനാ കാല ധ്യാനങ്ങളുമായി 'വചനത്തിന്റെ തിരിനാളം'

ഫാ. ഡോ. റജി മാത്യു

നമ്മുടെ വി. കുർബ്ബാനമദ്ധ്യേയുള്ള ലഘു പ്രസംഗത്തിന് ഇന്ന് പ്രസക്തിയേറി വരികയാണ്. എഴു മുതൽ പത്തു മിനിറ്റുവരെ മാത്രം ദീർഘിയ്ക്കുന്ന 'വചന ശുശ്രൂഷ' ആരാധനയ്ക്ക് വന്നുകൂടുന്ന വിശ്വാസികൾക്ക് തിരുവചനത്തിന്റെ ആഴങ്ങൾ മനസ്സിലാക്കുവാനുള്ള അവസരവും ആനുകാലിക ജീവിത സാഹചര്യങ്ങളെ അർത്ഥവത്തായി അഭിമുഖീകരിക്കുവാനുള്ള ഊർജ്ജം പകരുന്ന നിമിഷവുമാണ്.

വന്ദ്യ ഫിലിപ്പോസ് റമ്പാച്ചൻ രചിച്ച 'വചനത്തിന്റെ തിരിനാളം' എന്ന ഈ പഠനഗ്രന്ഥം നമ്മുടെ ആരാധനാ വർഷത്തിന്റെ സമഗ്രത കാത്തുസൂക്ഷിച്ചുകൊണ്ടാണ് ക്രമീകരിച്ചിരിക്കുന്നത്. വർഷത്തിലെ ഏഴു കാലങ്ങളെ തരംതിരിച്ച് ഓരോ ഘട്ടത്തിലുമുള്ള ഞായറാഴ്ചകളിലെ വേദവായനകളുടെ ലഘുപഠനമാണിതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. കേവലം ഏവൻഗേല്യോൻ പാഠഭാഗത്തെ മാത്രം മുൻനിർത്തിയുള്ളതല്ല റമ്പാച്ചന്റെ പഠനങ്ങൾ. മറിച്ച്, അന്നത്തെ മറ്റു വായനകളിൽ (പഴമ വായന, ശ്ലീഹാ വായന മുതലായവ) കാണുന്ന ആശയങ്ങൾ കൂടി ഏവൻഗേല്യോൻ പാഠഭാഗത്തോടു ചേർത്തുനിർത്തിയാണ് അദ്ദേഹം ഓരോ ദിവസത്തേക്കുമുള്ള ആശയങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. ഇവയിൽ പൗരസ്ത്യ ദൈവശാസ്ത്രവും അനുദിന ജീവിതത്തിലെ വെല്ലുവിളികളും അദ്ദേഹം വിദഗ്ദമായി കൂട്ടിച്ചേർത്തിട്ടുണ്ട്. ഈ ഗ്രന്ഥത്തിന്റെ വലിയ ഒരു പ്രത്യേകതയായി ഞാൻ കാണുന്നത് വേദവായനകളുടെ അപഗ്രഥനവേളയിൽ നമ്മുടെ ആരാധനാഗീതങ്ങൾ കൂടി വിശകലനം ചെയ്യുവാൻ ഗ്രന്ഥകാരൻ ശ്രമിച്ചിട്ടുണ്ട് എന്നതാണ്. അതിന് ഉത്തമ ഉദാഹരണമാണ് ആനീദെ ഞായറാഴ്ചയിലെ ചിന്തകൾ. ശ്ഹീമോ നമസ്ക്കാരത്തിലെ ശനിയാഴ്ച സന്ധ്യയുടെ ഒരു ഗീതം ഉദ്ധരിച്ച് വി. വേദപുസ്തകത്തിലും നമ്മുടെ ആരാധനാ ഗ്രന്ഥങ്ങളിലുമുള്ള മരണാനന്തര വിശ്വാസത്തെ അദ്ദേഹം സമർത്ഥമായി അവതരിപ്പിക്കുന്നുണ്ട്. ഒരു സന്യാസിയെന്ന നിലയിലുള്ള തന്റെ ജീവിത പരിചയവും രാജസ്ഥാനിലെ അബു റോഡിലുള്ള ജ്യോതിസ് ആശ്രമത്തിലെ ഏകാന്ത വാസവും മൂലം അദ്ദേഹം സാധാരണക്കാരന്റെ ആവലാതികളെ മറികടന്ന് ഒരു ആത്മീയ അന്വേഷകന്റെ ഭാവം കൂടി ഉൾക്കൊള്ളുന്നുണ്ട് പല ഞായറാഴ്ചകളിലെയും ചിന്തകളിൽ എന്നത് ആരാധനാ വർഷത്തിലെ മറ്റു പഠന ഗ്രന്ഥങ്ങളിൽ നിന്നും ഈ പുസ്തകത്തെ വേറിട്ടു നിർത്തുന്നു.

ബലഹീനനായ എന്റെ ഒരു വിദ്യാർത്ഥിയെന്ന നിലയിൽ ഞാൻ റമ്പാച്ചനിൽ അദ്ദേഹത്തിന്റെ നാഗ്പ്പൂർ സെമിനാരി വാസകാലത്തു തന്നെ ശ്രദ്ധിച്ച സംഗതി കർമ്മോത്സുകതയും കഠിനാദ്ധ്വാനവുമാണ്. വിനയത്തോടെ ഏതു ബുദ്ധിമുട്ടുള്ള പ്രവൃത്തികളും ഏർപ്പെടുവാൻ റമ്പാച്ചന് സാധിക്കുന്നത് അദ്ദേഹത്തിന്റെ ദൈവാനുഭവങ്ങളാണ്. വായനക്കാർക്ക് നല്ല ദിനങ്ങൾ ആശംസിച്ചുകൊണ്ട് ഈ പഠനഗ്രന്ഥം അവതരിപ്പിക്കുന്നതിൽ എനിക്കും അനല്പമായ സന്തോഷമുണ്ട്. ◆






മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധനാ കലണ്ടർ പ്രകാരമുള്ള വേദഭാഗത്തെ അടിസ്ഥാനമാക്കി എഴുതിയ ഞായറാഴ്ചകളിലെ ഏവൻഗേലിയോൻ ധ്യാനചിന്തകൾ. ഏവൻഗേല്യോൻ പാഠഭാഗത്തോടു ചേർത്തുനിർത്തിയാണ് ഓരോ ദിവസത്തേക്കുമുള്ള ആശയങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നത്. ഇവയിൽ പൗരസ്ത്യ ദൈവശാസ്ത്രവും അനുദിന ജീവിതത്തിലെ വെല്ലുവിളികളും വിദഗ്ദമായി കൂട്ടിച്ചേർത്തിട്ടുണ്ട്. വേദവായനകളുടെ അപഗ്രഥനവേളയിൽ ആരാധനാഗീതങ്ങൾ കൂടി വിശകലനം ചെയ്യുവാൻ ഗ്രന്ഥകാരൻ ശ്രമിച്ചിട്ടുണ്ട്. ഒരു ആത്മീയ അന്വേഷകന്റെ ഭാവം കൂടി ഉൾക്കൊള്ളുന്നുണ്ട് പല ഞായറാഴ്ചകളിലെയും ചിന്തകൾ എന്നത് ആരാധനാ വർഷത്തിലെ മറ്റു പഠന ഗ്രന്ഥങ്ങളിൽ നിന്നും ഈ പുസ്തകത്തെ വേറിട്ടു നിർത്തുന്നു.



മലമടക്കിലെ കെടാവിളക്ക്

ഫാ. കുറിയാക്കോസ് ഒ.ഐ.സി.

മലങ്കര ഓർത്തഡോക്സ് സഭയിലെ പ്രഥമ സന്യാസ സമൂഹമായ റാന്നി-പെരുനാട് ബഥനി ആശ്രമത്തിന്റെ ചരിത്രം ആശ്രമാംഗമായിരുന്ന ഫാ. കുറിയാക്കോസ് ഒ.ഐ.സി. രചിച്ച് പ്രശസ്ത പത്രപ്രവർത്തകനായ കെ. വി. മാമ്മൻ എഡിറ്റ് ചെയ്ത് 1994-ൽ ബഥനി ആശ്രമം പ്രസിദ്ധീകരിച്ചിരുന്നു. സമകാലിക ചരിത്രരേഖകൾ കൂട്ടിച്ചേർത്തുകൊണ്ടുള്ള ആ ഗ്രന്ഥത്തിന്റെ പരിഷ്ക്കരിച്ച രൂപം സത്യാന്വേഷികൾക്കായി പ്രസിദ്ധീകരിക്കുന്നു.



19

മാർ ഈവാനിയോസിന്റെ സഭൈക്യ പദ്ധതി

പലതായി വിഭജിക്കപ്പെട്ടിരിക്കുന്ന ക്രൈസ്തവ സഭാ വിഭാഗങ്ങൾ ഏകയോഗമായി കഴിയുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് യഥാർത്ഥ ആലോചനകൾ ക്രൈസ്തവ ലോകത്തിൽ ആരംഭിച്ചത് ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടു കൂടിയാണെന്നു പറയാം. വിഭിന്ന പ്രോട്ടസ്റ്റന്റ് വകുപ്പുകാരുടെയിടയിലാണ് ഈ ആശയം ബീജാവാപം ചെയ്തത്. ഈ ആശയം ക്രമേണ വിവിധ ഓർത്തഡോക്സ് സഭാ വിഭാഗങ്ങളിലും കടന്നുകൂടി.

സുപ്രസിദ്ധ അമേരിക്കൻ മിഷനറി ഡോ. ജോൺ ആർ മോട്ട് 1912-ൽ കൽക്കട്ടയിൽ വിവിധ വകുപ്പുകാരായ ക്രിസ്ത്യാനികളുടെ ഒരു യോഗം വിളിച്ചുകൂട്ടിയതായും അതിൽ മലങ്കര മെത്രാപ്പോലീത്തായോടൊപ്പം ഫാ. പി. റ്റി. ഗീവറുഗീസും (മാർ ഈവാനിയോസ്) സംബന്ധിച്ചിരുന്നതായും മുമ്പ് പ്രസ്താവിച്ചിരുന്നല്ലോ. തുടർന്ന് ഫാ. പി. ഗീവറുഗീസ് സെറാമ്പൂർ കോളജിൽ പ്രൊഫസറായിരുന്ന കാലത്ത് കൽക്കട്ടയിലുണ്ടായിരുന്ന വിവിധ ആംഗ്ലിക്കൻ മിഷനറിമാരോടും, അവരുടെയിടയിലെ ഹൈചർച്ച് മിഷനറിമാരോടും കൽക്കട്ടയിലെ അർമീനിയൻ സഭാ പ്രതിനിധികളോടും (അദ്ദേഹം കൽക്കട്ടയിലെ അർമീനിയൻ പള്ളിയിൽ പല പ്രാവശ്യം വി. കുർബ്ബാന അനുഷ്ഠിച്ചിട്ടുണ്ടു താനും) റഷ്യൻ വിപ്ലവത്തിനു മുമ്പ് കൽക്കട്ടയിൽ വന്ന റഷ്യൻ സഭക്കാരോടും അടുത്തു സംസർഗ്ഗം പുലർത്തിയ കാര്യവും നേരത്തേ സൂചിപ്പിച്ചിട്ടുള്ളതാണല്ലോ. കൽക്കട്ടയിലും ധാരാളം റോമൻ കത്തോലിക്കാ മിഷനറിമാർ ഉണ്ടായിരുന്നതു മൂലം അവരുമായും അദ്ദേഹം ബന്ധം പുലർത്തിക്കാണണം.

ബഥനി ആശ്രമത്തിൽ നിന്ന് 1922-ൽ ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തിയ ബഥനി മാസികയിൽ കുസ്തന്തീനോപോലീസിലെ പാത്രിയർക്കീസ് 1920-ൽ അഖില ലോക ക്രൈസ്തവ സഭാ ഐക്യത്തെപ്പറ്റി പ്രസിദ്ധപ്പെടുത്തി. വിവിധ ഓർത്തഡോക്സ്, പ്രോട്ടസ്റ്റന്റ് വേദശാസ്ത്രജ്ഞന്മാർ 1927-ൽ സ്വിറ്റ്സർലണ്ടിലെ Lausane പട്ടണത്തിൽ വെച്ച് വിശ്വാസം, പട്ടത്വം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഒരു സമ്മേളനം നടത്തിയതായും (അതിൽ മലങ്കരസഭ ക്ഷണിക്കപ്പെട്ടിരുന്നില്ല) സിറിയയിലെ മാർ അപ്രേം മെത്രാൻ സംബന്ധിച്ചിരുന്നതായും മുമ്പു പറഞ്ഞിട്ടുണ്ടല്ലോ.

ഇംഗ്ലണ്ടിൽ നിന്നു വന്ന ആംഗ്ലിക്കൻ പ്രസിദ്ധീകരണങ്ങളിൽ നിന്ന് മലങ്കരസഭാ പിതാക്കന്മാർ ഈ വിഷയം കൗതുകപൂർവ്വം വീക്ഷിച്ചിരുന്നിരിക്കണം.

സഭാ ഐക്യം എന്ന ആശയം ഏതു സഹൃദയനെയും ആകർഷിക്കുമല്ലോ. ഇന്നും അത് ഒരു സജീവ വിഷയമാണു താനും. ലോകത്തിന്റെ വിവിധ ഭാഗ

ങ്ങളിലെ സഭാനേതാക്കൾ ഈ വിഷയത്തിൽ തല്പരരായിരുന്നു. ക്രൈസ്തവ ചിന്തകർ ഇതേപ്പറ്റി സദാ ഉത്സുകരും ആയിരുന്നത്രെ.

മലങ്കരസഭാ മക്കളിൽ പ്രഗത്ഭനായ മാർ ഈവാനിയോസ് ഈ വിഷയത്തിൽ എന്നും തല്പരനായിരുന്നു. അദ്ദേഹത്തിന്റെ പദ്ധതി എന്തായിരുന്നുവെന്നും ഈ പദ്ധതി അദ്ദേഹത്തിൽ എന്നു മുതൽ സജീവമായിരുന്നു എന്നും, അതു പ്രാവർത്തികമാക്കാൻ എന്തെല്ലാം പദ്ധതികളാണ് അദ്ദേഹം ആസൂത്രണം ചെയ്തതെന്നും സംബന്ധിച്ച ചില സൂചനകൾ മുൻ അദ്ധ്യായങ്ങളിൽ ഉണ്ടല്ലോ.

റോമൻ കത്തോലിക്കാ സഭ ഔദ്യോഗികമായി സ്വീകരിക്കുന്ന ട്രെന്റ് സുന്നഹദോസ് (1545-1547) കൂടിയപ്പോൾ അവരുടെ ദൃഷ്ടിയിൽ ശീശ്മ ക്കാർ (വിരുദ്ധർ) ആയിരുന്ന പൗരസ്ത്യ ഓർത്തഡോക്സ് സഭകളെ റോമൻ കത്തോലിക്കാ സഭയുമായി യോജിപ്പിക്കുവാൻ മാർപാപ്പാ ആഹ്വാനം ചെയ്തതായി സുപ്രസിദ്ധ റോമൻ കത്തോലിക്കാ സഭാചരിത്രകാരനായ Attwatter--ന്റെ Uniate Churches എന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്.

കർത്താവേശുമ്ശിഹാ, പത്രോസ് ശ്ലീഹായാകുന്ന പാറമേലാണ് സഭ പണിതിരിക്കുന്നത് എന്നും, പത്രോസിൽ നിന്നാണ് മറ്റു ശ്ലീഹന്മാർക്കുപോലും കൃപ ഒഴുകുന്നത് എന്നും പത്രോസിൽ നിക്ഷിപ്തമായ സർവ്വ അധികാരങ്ങളും പത്രോസിന്റെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന റോമിലെ മാർപാപ്പായ്ക്ക് സ്വയം സിദ്ധിച്ചിട്ടുള്ളതാണെന്നും, പാപ്പായെ സഭാതലവനായി സ്വീകരിക്കാത്തവർക്ക് രക്ഷയ്ക്കുപോലും അവകാശമില്ലെന്നും, കൂടാതെ, ആദിമസഭാ വിഭജനത്തിനു ശേഷം റോമൻ കത്തോലിക്കാ സഭ അപ്പഴപ്പോൾ കൂട്ടിച്ചേർത്ത Dogmas (രക്ഷയ്ക്ക് അവശ്യം വിശ്വസിച്ചേ മതിയാവൂ എന്ന വിശ്വാസസത്യങ്ങൾ) ഏറ്റുപറഞ്ഞാലേ സത്യ കത്തോലിക്കാ സഭയിൽ അംഗത്വം ലഭിക്കൂ എന്നും മറ്റുമുള്ള അവകാശവാദങ്ങളാണ് സഭാഐക്യപദ്ധതിയായി റോമൻ കത്തോലിക്കാ സഭ പ്രഖ്യാപിച്ചിരുന്നത്.

ഈ ആശയം സ്വീകരിക്കാൻ സന്നദ്ധരായ കിഴക്കൻ സഭകളിലെ കുറെ ബിഷപ്പുമാർ വിഭിന്ന നാടുകളിൽ, വിവിധ കാലയളവുകളിൽ, റോമാ സഭയുമായി ഐക്യപ്പെട്ടിട്ടുണ്ട്. Uniates എന്നാണ് അവർ പാശ്ചാത്യ നാടുകളിൽ അറിയപ്പെടുന്നത് (മലങ്കരയിൽ പുനരൈക്യപ്പെട്ടവർ എന്നാണ് അവർ സ്വയം പ്രഖ്യാപിക്കുന്നത്). Uniates എന്ന പേരിൽ വത്തിക്കാനിൽ നിന്ന് ഇക്കൂട്ടരുടെ വിശേഷങ്ങൾ പ്രസിദ്ധീകരിക്കുന്ന ഒരു പ്രസിദ്ധീകരണവും ഉണ്ടു പോലും.

നമ്മുടെ കേരളത്തിൽ ഇപ്പോൾ മൂന്നു വ്യത്യസ്ത റീത്തുകളുണ്ടല്ലോ.

1. തനി ലത്തീൻ റീത്ത്.
2. സീറോ മലബാർ റീത്ത്.
3. മലങ്കര റീത്ത്.

റീത്ത് എന്നത് ലത്തീൻ ഭാഷയിലെ Ritus എന്നതിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. ഇംഗ്ലീഷിലെ Rite മലയാളത്തിലെ രീതി. "ഒരു മതസംഘടനയുടെ കർമ്മങ്ങളെയോ പ്രാർത്ഥനാക്രമങ്ങളെയോ അർത്ഥമാക്കുന്ന ഒരു പദമത്രെ ഇത്. ക്രിസ്തുമതത്തിലെ കൂദാശകളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന വി. കുർബ്ബാനയുടെ ക്രമത്തെ ആശ്രയിച്ചു നിൽക്കുന്ന ആരാധനക്രമങ്ങളുടെ സംഹിത 'റീത്ത്' എന്ന പദത്തിൽ വിവക്ഷിക്കപ്പെടുന്നു" (*ആർച്ച് ബിഷപ്പ് ഈവാനിയോസ് വാല്യം 1*, പേജ് 247).

"വിശ്വാസസത്യങ്ങളെയും സദാചാര നിയമങ്ങളെയും സംബന്ധിച്ച് കത്തോലിക്കർ പരിപൂർണ്ണ ഐക്യം ആവശ്യപ്പെടുന്നുണ്ടെങ്കിലും മതപരമായ ആചാരങ്ങളെയും പരിപാടികളെയും സംബന്ധിച്ച് ദേശീയവും ഭാഷാപരവും ജാതീയവുമായ പ്രവർത്തനങ്ങൾ സംരക്ഷിപ്പാൻ വിപുലമായ സ്വാതന്ത്ര്യമാണ് അനുവദിച്ചുകൊടുത്തിട്ടുള്ളത്. 12 ഭാഷകളിലായി ഇരുപതു റീത്തുകളാണ് ഇന്ന് കത്തോലിക്കാ സഭയിലുള്ളത്. ഏകത്വത്തിൽ വിവിധത്വവും വിവിധത്വത്തിൽ ഏകത്വവും ആണ് പ്രസ്തുത സഭയിൽ ഈ റീത്തുകൾ വെളിപ്പെടുത്തുന്നത്. നിറത്തിലും മണത്തിലും ആകൃതിയിലും വ്യത്യസ്തങ്ങളായ നിരവധി കുസുമങ്ങൾകൊണ്ടു നിറഞ്ഞിരിക്കുന്ന ഒരു പൂങ്കാവനത്തിനു സദൃശമത്രെ കത്തോലിക്കാ സഭ. ഏക പരമാധികാരിയുടെ കീഴിൽ ഏക വിശ്വാസം പാലിച്ചുകൊണ്ട് ... ലോകമെങ്ങും 50 കോടി ജനങ്ങൾ ഏകോദര സഹോദരങ്ങളെപ്പോലെ കഴിഞ്ഞുകൂടുന്ന മനോഹരമായ കാഴ്ചയത്രെ കത്തോലിക്കാ സഭയിൽ നാം ദർശിക്കുന്നത്."

ബഥനി ആശ്രമ സ്ഥാപകരിൽ മുമ്പനും, പ്രഗത്ഭനും ധിഷണാശാലിയും, മലങ്കര സമുദായ മണ്ഡലത്തിൽ പ്രശോഭിച്ചുകൊണ്ടിരുന്ന ധീരനേതാവും, മലങ്കര മെത്രാപ്പോലീത്തായുടെ വാത്സല്യഭാജനവും മറ്റും മറ്റും ആയിരുന്ന മാർ ഈവാനിയോസ് സഭകളുടെ യോജിപ്പിനെ സംബന്ധിച്ചുള്ള പര്യവേക്ഷണം അനേക നാൾ നടത്തിയതിൽ അതിശയിപ്പാനില്ല. സഭയുടെ യോജിപ്പു സംബന്ധിച്ചുള്ള തന്റെ സ്വന്തം പദ്ധതി എങ്ങനെ വേണം, എപ്രകാരം നടപ്പാക്കണം, എപ്പോൾ പ്രാവർത്തികമാക്കണം, ആ പദ്ധതിയനുസരിച്ച് മലങ്കര സഭാ മക്കൾ മുഴുവനായി തന്നെ അനുഗമിക്കണം എന്നെല്ലാം ഉള്ള കാര്യങ്ങൾ അദ്ദേഹം വളരെനാൾ ആലോചിച്ചു വന്നിരുന്നതും മുൻ അദ്ധ്യായങ്ങളിൽ സൂചിപ്പിച്ചിരുന്നല്ലോ.

മഹാബുദ്ധിമാനായ അദ്ദേഹത്തിന്റെ മസ്തിഷ്കത്തിൽ ഈ വിഷയം മൂലം ഒരു സംഘർഷം തന്നെ ഉണ്ടായിക്കാണണം. മലങ്കര സഭയിലെ കാതോലിക്കേറ്റിനെ ലോകത്തിലെ മറ്റൊരു പുരാതന സഭയും അറിയാതെയും അംഗീകരിക്കാതെയും ഇരുന്ന കാലം; സിവിൽ-ക്രിമിനൽ കേസുകൾ സമുദായത്തിന്റെ വിവിധ ഭാഗങ്ങളിൽ നടമാടിക്കൊണ്ടിരുന്ന ഘട്ടം. ഭാവി അന്ധകാരമയമെന്ന് സാധാരണക്കാർ വിചാരിച്ചിരുന്ന സമയം ആയിരുന്നു അത് എന്ന് പ്രത്യേകം പ്രസ്താവ്യമത്രെ.

സാധാരണക്കാർക്ക് സംശയം തോന്നാത്തവിധത്തിൽ 'ഏതെങ്കിലും പുരാതന സഭകളുമായി യോജിക്കണം' എന്ന ഒരു പുതിയ വാസനാപുഷ്പമാണ് സഭാവിശ്വാസികളുടെ മുമ്പാകെ അദ്ദേഹം അവതരിപ്പിച്ചത്.

'പുരാതന സഭ' എന്ന് ബഥനി മെത്രാപ്പോലീത്തായുടെ മനസ്സിൽ കുടികൊണ്ടിരുന്ന ആശയത്തെപ്പറ്റി ജീവചരിത്രകാരനായ ഇഞ്ചക്കലോടി ഇങ്ങനെയാണ് ചിത്രീകരിച്ചിരിക്കുന്നത്:

"ആ പഴയ സഭ ഏതായിരിക്കണമെന്നാണ് ചിന്തിക്കേണ്ടത്. ... ആ സ്ഥിതിക്ക് അപ്രകാരം അഭിവൃദ്ധി പ്രാപിച്ചിട്ടുള്ളതും പ്രാപിക്കാവുന്നതുമായ ഒരു സഭ മാത്രമേ അവർ ആഗ്രഹിക്കയുള്ളു എന്നതിന് സംശയമില്ല. യൗനായ (കുസ്തന്തീനോപോലീസ് പാത്രിയർക്കീസിനോട് ബന്ധമുള്ള സഭകൾ), യാക്കോബായ (സിറിയ), നെസ്തോറിയൻ, അർമേനിയൻ, ഈഗുപ്തായ മുതലായ പഴയ സഭകളൊന്നിനും തന്നെ യാതൊരുവിധമായ അഭിവൃദ്ധിയും ഇല്ലെന്നും, പ്രത്യുത, ദൈനംദിനം അധഃപതിച്ചുകൊണ്ടിരിക്കയാണെന്നും അവ ഓരോന്നിന്റെയും ചരിത്രവും ആധുനിക സ്ഥിതിയും ഗ്രഹിച്ചിട്ടുള്ളവർ സമ്മതിക്ക തന്നെ ചെയ്യും. ആകയാൽ എല്ലാ നിലകളിലും അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നതും, അഖിലലോക വ്യാപകവുമായ കത്തോലിക്കാ സഭയോടുള്ള യോജിപ്പാണ് അഭിവന്ദ്യ തിരുമേനിമാർ ഉദ്ദേശിച്ചിരുന്നത് എന്നും സ്പഷ്ടമായി തെളിയുന്നു."

മേൽപ്പറഞ്ഞ ആശയം മാർ ഈവാനിയോസിൽ ബഥനി ആശ്രമ സ്ഥാപന കാലത്തു തന്നെ പ്രബലപ്പെട്ടിരുന്നുവെന്ന് ന്യായമായി അനുമാനിക്കത്തക്ക പല സംഭവവികാസങ്ങളും മുൻ അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ടല്ലോ. എപ്പോൾ പ്രാബല്യത്തിൽ വരുത്തണം എന്ന പ്രശ്നമായിരുന്നു 1925 മുതൽ അദ്ദേഹത്തിനുണ്ടായിരുന്നത്. മലങ്കരസഭയിൽ കിട്ടാവുന്നിടത്തോളം സ്ഥാനമാനങ്ങളും തരപ്പെടുമെങ്കിൽ കാതോലിക്കാ സ്ഥാനവും, അല്ലെങ്കിൽ മെത്രാപ്പോലീത്താ, കുറെ അസിസ്റ്റന്റുമാർ, പള്ളികൾ, പട്ടക്കാർ, ദയറാക്കാർ, കന്യാസ്ത്രീകൾ, മലങ്കര സമുദായം വക മേൽനോട്ടത്തിനു കിട്ടിയ സ്കൂളുകൾ, ബഹുജനങ്ങൾ ഒക്കുമെങ്കിൽ അവരെയും എല്ലാം കൂട്ടി മറുകണ്ടം ചാടുക എന്ന ആശയം അദ്ദേഹത്തിൽ അങ്കുരിച്ചു.

1925 ജൂലൈ 27-നു അന്ത്യോഖ്യയിലെ റീത്ത് പാത്രിയർക്കീസ് റഹ്മാനിയായ്ക്കും, 1927, 28, 29, 30 എന്നീ വർഷങ്ങളിൽ റോമാ പാപ്പായ്ക്ക് നേരിട്ടും അപ്പസ്തോലിക്ക് ഡെലിഗേറ്റ് വഴിയും റീത്ത് അനുവദിക്കുന്നതിനു വേണ്ടി ആർച്ച് ബിഷപ്പ് പല അപേക്ഷകൾ പരമരഹസ്യമായി അയച്ചിരുന്നു എന്ന് ജീവചരിത്രത്തിൽ (ഇഞ്ചക്കലോടി) കാണുന്ന കാര്യം പ്രസ്താവ്യമത്രെ.

1925 മെയ് മാസത്തിൽ അദ്ദേഹം നിരണത്തു പള്ളിയിൽ വച്ച് മെത്രാനായ അന്നുതന്നെ കൂടിയ സ്വീകരണ യോഗത്തിൽ നടത്തിയ സുദീർഘമായ പ്രസംഗം 1925 ജൂൺ-ജൂലായ് മാസത്തിൽ ബഥനി മാസികയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളത്തിലെ മാർത്തോമ്മാ സഭയോടും സി.എം.എസ്. സഭയോടും പുരാതന ഓർത്തഡോക്സ് സഭകളോടും, റോമൻ കത്തോലിക്കരോടും ഐക്യപ്പെടാനുള്ള ശ്രമം മലങ്കരസഭാ നേതൃത്വം ഏറ്റെടുക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. അന്ന് അദ്ദേഹത്തിന്റെ മനസ്സിലിരിപ്പ് എന്താണെന്ന് അത്

കേട്ടവരും വായിച്ചവരും മനസ്സിലാക്കിയിരുന്നില്ല പോലും.

തന്റെ എല്ലാ അഭിവൃദ്ധിക്കും കാരണക്കാരനായ വട്ടശ്ശേരിൽ മെത്രാച്ചന് തന്നെപ്പറ്റി യാതൊരു സംശയവും ഉണ്ടാകാനിടയാകാത്തവിധത്തിൽ ആവും മട്ട് അദ്ദേഹം ശ്രമിച്ചത്രെ. അദ്ദേഹത്തിന്റെ കാലശേഷം താനല്ലാതെ നേതൃനിരയിൽ മറ്റാരുള്ളു എന്ന ചിന്ത അദ്ദേഹത്തിനുണ്ടായിരുന്നു - സംശയമില്ല. വലിയ മെത്രാച്ചന്റെ കാലം കഴിഞ്ഞിട്ടു മതി പുനരൈക്യം എന്ന് മാർ ഈവാനിയോസിന്റെ ഉത്തമ സുഹൃത്തുക്കളിൽ ചിലരോട് അദ്ദേഹം പ്രസ്താവിക്കയും ചെയ്തിട്ടുണ്ട്. പക്ഷേ അതിബുദ്ധിമാനായ വട്ടശ്ശേരിൽ മെത്രാച്ചൻ ഹൃദയവേദനയോടെയാണെങ്കിലും മാർ ഈവാനിയോസിന്റെ നേതൃത്വത്തിൽ 'മലങ്കര സുന്നഹദോസിന്റെ പ്രത്യേക അനുവാദം കൂടാതെ മലങ്കരസഭയുടെ അതിർത്തിക്കുള്ളിൽ മേലിൽ ബഥനിപ്പള്ളികൾ വയ്ക്കാൻ പാടില്ല' എന്ന് 1930-ൽ മാർ ഈവാനിയോസിന് 'ഒരു അംശമുടക്ക്' പ്രഖ്യാപിച്ചു. ഇദ്ദേഹത്തിനു ലഭിച്ച 'അംശം മുടക്കി'നെപ്പറ്റി ആലോചിച്ച് സുന്നഹദോസിൽ സംബന്ധിക്കുവാൻ മാർ ഈവാനിയോസിനും അസി. മെത്രാനും നോട്ടീസ് കിട്ടിയിരുന്നെങ്കിലും അവർ ഇരുവരും സംബന്ധിച്ചില്ല. ടി ജീവചരിത്രം ഒന്നാം വാല്യം 347-ാം പേജിൽ ഈ കല്പനയെ തുടർന്ന് മലങ്കര സഭാനേതൃത്വവുമായി നേരിൽക്കണ്ട് തെറ്റിദ്ധാരണകൾ ഉണ്ടെങ്കിൽ മാറ്റുവാൻ തക്കവണ്ണം പല നിർദ്ദേശങ്ങൾ വന്നെങ്കിലും 'പക്ഷേ നിസ്സാര കാരണങ്ങൾ ഉന്നയിച്ചുകൊണ്ട് പരസ്പര സന്ദർശനത്തിന് ഇടനൽകാതെ കഥാപുരുഷൻ ഒഴിഞ്ഞുമാറുകയാണുണ്ടായത്' എന്ന വാചകവും ശ്രദ്ധേയമാണ്.

'ഏറ്റുമുട്ടിയാൽ പൂർണ്ണ മുടക്കുണ്ടാവും, മുടക്കപ്പെട്ടാൽ റോമൻ കത്തോലിക്കാ സഭ ഒട്ടു സ്വീകരിക്കയുമില്ല' എന്നു മനസ്സിൽ കണ്ടിട്ടാണ് 1930-ൽ ബഥനി ആശ്രമവും മലങ്കരസഭയും അദ്ദേഹം പരിത്യജിച്ചത്.

(തുടരും)



റോഡിന് പേര് നൽകി ആദരിച്ചു

യുഎഇ: മെഡിക്കൽ രംഗത്ത് നൽകിയ സ്തുത്യർഹമായ സേവനങ്ങൾക്കും, സംഭാവനകൾക്കുമുള്ള അംഗീകാരമായി, അബുദാബി ഗവൺമെന്റ് അബുദബി Sheikh Shakhbout Medical City യോട് ചേർന്ന് ഉള്ള റോഡിന് ഡോ. ജോർജ് മാത്യുവിന്റെ പേര് നൽകി ആദരിച്ചു.

ഡോ. ജോർജ് മാത്യു മലങ്കര സഭയുടെ അൽ ഐൻ സെന്റ് ഡയനേഷ്യസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്. തുമ്പമൺ സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ആണ് മാതൃഇടവക.

ഡോ. ജോർജ്ജ് മാത്യു എന്ന സ്വദേശികളുടെ ഇടയിലെ പ്രിയങ്കരനായ ഡോക്ടർ 'മാത്യൂസ്' അബുദാബിയുടെയും അൽ ഐനിന്റെയും ആധുനികതയിലേക്കുള്ള വളർച്ച നേരിൽ കണ്ട വ്യക്തിത്വമാണ്. യു.എ.ഇ -യുടെ രാഷ്ട്രപിതാവ് ക്രാന്തദർശിയായ ഷെയ്ഖ് സായ്ദ് അൽ നഹ്യാന്റെ സ്വപ്നങ്ങൾ നേരിൽ അറിഞ്ഞ് അത് യാഥാർത്ഥ്യമാക്കുവാൻ പ്രവർത്തിക്കുകയായിരുന്നു 1967-ൽ യു.എ.ഇ.-ൽ എത്തിയ ഡോക്ടർ ജോർജ്ജ് മാത്യൂ. അദ്ദേഹത്തിന്റെ സ്ഥിരോത്സാഹവും ആധുനിക വൈദ്യശാസ്ത്രത്തിന്റെ സങ്കേതങ്ങൾ പ്രദേശത്ത് കൂടുതൽ വ്യാപിപ്പിക്കുവാൻ കൈക്കൊണ്ട നടപടികളും ഭരണകർത്താക്കളുടെ പ്രശംസയ്ക്ക് പാത്രമാവുകയും ചെയ്തു. അബുദാബിയുടെയും അലൈന്റെയും മെഡിക്കൽ രംഗത്തെ വളർച്ചയോടൊപ്പം മലയാളിയായ ഡോക്ടർ ജോർജ്ജ് മാത്യൂവും സ്വദേശി സമൂഹത്തിന്റെ മനസ്സുകളിലും ചേക്കേറി.

2018-ൽ യു.എ.ഇ. ഗവൺമെന്റ് അദ്ദേഹത്തിന് 'അബുദാബി അവാർഡ്' എന്ന രാജ്യത്തെ പരമോന്നത ബഹുമതി നല്കി ആദരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് 'യു.എ.ഇ. ഒരിക്കലും പണത്തിന് മുകളിൽ പണികഴിപ്പിക്കപ്പെട്ട രാജ്യമല്ല, പിന്നെയോ ഒരു മഹാനായ വ്യക്തിത്വത്തിന്റെ (ഷെയ്ക്ക് സായദ്) ദർശനങ്ങളുടെയും മൂല്യങ്ങളുടെയും അടിസ്ഥാനത്തിൽ രൂപീകൃതമായ മഹത്തായ രാഷ്ട്രമാണ്" എന്നാണ്.

ഇപ്പോൾ യു.എ.ഇ.-ലെ പ്രവാസികൾക്ക് പ്രത്യേകിച്ച് ഭാരതീയർക്കും മലയാളികൾക്കും അഭിമാനമാകുന്ന ഒരു വാർത്ത കൂടിയാണ് വരുന്നത്.

ഡിപ്പാർട്ട്മെന്റ് ഓഫ് മുനിസിപ്പാലിറ്റീസ് ആർഡ് ട്രാൻസ്പോർട്ടിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഡോ. ജോർജ്ജ് മാത്യുവിന്റെ പേരിൽ അബുദബി ഷെയ്ക്ക് ശഖ്ബൂത്ത് മെഡിക്കൽ സിറ്റിയുടെ സമീപം ഒരു പാതയ്ക്ക് അദ്ദേഹത്തോടുള്ള ആദരവായി 'ജോർജ് മാത്യൂ സ്ട്രീറ്റ്' എന്ന് നാമകരണം ചെയ്തതായി പ്രഖ്യാപനം വന്നു . പ്രസ്തുത സ്ട്രീറ്റിൽ ഇതിനോടകം അദ്ദേഹത്തിന്റെ പേരിലുള്ള നെയിം ബോർഡും സ്ഥാപിച്ചു കഴിഞ്ഞു.

യു.എ.ഇ.-യുടെ ചരിത്രത്തിൽ ഒരു ഭാരതീയന്റെ പേരിൽ , ഒരു മലയാളിയുടേതായ ഒരു സ്ട്രീറ്റ് നാമകരണം ചെയ്യപ്പെടുന്നത് ആദ്യമാണ്. അലൈൻ ഓർത്തഡോക്സ് ഇടവക, മലങ്കര സഭയുടെ പരിശുദ്ധനും ഇടവക കാവൽ പിതാവുമായ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ നാമത്തിലുള്ള 'ഓർഡർ ഓഫ് സെന്റ് ഡയനീഷ്യസ്' ബഹുമതി നല്കി ഡോക്ടറിനെ ആദരിച്ചിരുന്നു.

വചനതീർത്ഥം

പെന്തിക്കോസ്തിക്ക് ശേഷം ഒമ്പതാം ഞായർ

(വി. ലൂക്കോസ് 14:7–11)

ഫാ. ജെറിൻ ജോൺ അടൂർ



ഇന്നത്തെ സുവിശേഷ ഭാഗത്ത് നമ്മുടെ കർത്താവ് പഠിപ്പിക്കുന്നത് 'തന്നെ ത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടും' എന്നതാണ് (വി. ലൂക്കോസ് 14:11). കർത്താവിന്റെ ശിഷ്യൻ വിനയഭാവമുള്ളവൻ ആയിരിക്കണമെന്നതാണ് സാരം.എന്താണ് വിനയം എന്ന ചോദ്യത്തിനുത്തരം മൂലപദത്തിൽ നിന്നു സുവ്യക്തമാണ്. നമ്മൾ മണ്ണാണ്, നമ്മൾ പരിമിതരാണ്, നമ്മൾ ഒറ്റപ്പെട്ട സൃഷ്ടികളല്ല, നമ്മൾ മരിക്കും, നമ്മൾ കടന്നുപോകേണ്ടവരാണ് എന്നെല്ലാമുള്ള ഓർമപ്പെടുത്തലുകളോടൊപ്പം നമ്മൾ ദൈവത്തിലാശ്രയിച്ചാൽ ധാരാളം ഫലം പുറപ്പെടുവിക്കാനുള്ള സാധ്യത ഉള്ളിൽ ഉള്ളവരാണ് എന്നു കൂടി ഇതു നമ്മെ അനുസ്മരിപ്പിക്കുന്നു. 'ഇതാ ഞാൻ കർത്താവിന്റെ ദാസി' എന്നു മറിയം ഉദ്ഘോഷിച്ചപ്പോൾ, പുത്രനായ ക്രിസ്തു അവളുടെ ഉദരത്തിൽ വാസമുറപ്പിക്കുകയും മനുഷ്യവംശത്തിനു ലഭിക്കാവുന്ന ഏറ്റവും മഹത്തായ ഫലം സംലഭ്യമാക്കുകയും ചെയ്തു. ക്രിസ്തുവിന്റെ മനോഭാവം വിനയത്തിന്റേതായിരുന്നുവെന്ന് പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നുണ്ട് (ഫിലി. 2:1–11).

ഇന്നത്തെ വേദഭാഗം ആസ്പദമാക്കി രണ്ടു ചിന്തകൾ പങ്കുവയ്ക്കുന്നു

'താഴ്മ': ദൈവത്തെ മഹത്വപ്പെടുത്തുവാനുള്ള മാനുഷിക പ്രതികരണം കൂടിയാണ്

തന്റെ വാക്കിലും പ്രവർത്തിയിലും എളിമ മുഖമുദ്രയാക്കിയവരാണ് ക്രിസ്തുശിഷ്യർ. എന്നാൽ, എളിമ എന്ന വാക്കിലൂടെ ദൈവം നമ്മിൽ നിന്നും എന്താണാഗ്രഹിക്കുന്നത്? എളിമയെന്നാൽ നമ്മിലുള്ള കഴിവുളെയെല്ലാം മൂടിവച്ച്, നമ്മെ അന്വേഷിച്ചെത്തുന്ന പദവികളെയെല്ലാം തിരസ്കരിച്ച്, നമ്മെക്കുറിച്ചു സ്വന്തമായി ഒരു നല്ല അഭിപ്രായംപോലും ഇല്ലാതെ, താനെന്നും മറ്റുള്ളവർക്ക് കീഴ്പെട്ടവനാണ് എന്ന ബോധ്യത്തോടുകൂടി ജീവിക്കുന്നതാണ് എന്ന ഒരു തെറ്റിധാരണ പലരിലും ഉണ്ട്. പക്ഷേ, അവയെല്ലാം പലപ്പോഴും അപകർഷതാബോധവും ആത്മവിശ്വാസമില്ലായ്മയും ഒക്കെ ആണെന്നു ള്ളതാണ് സത്യം. ഇത്തരത്തിലുള്ള വികലമായ കാഴ്ചപ്പാടുകളോടെ എളിമയെ നോക്കുന്പോൾ, അതിന്റെ അടിസ്ഥാനം 'മറ്റുള്ളവർ നമ്മെപ്പറ്റി എന്തു ചിന്തിക്കും?' എന്ന ആകുലതയിലാണ് എത്തി നിൽക്കുന്നത്. പരാജയഭീതിമൂലം ജീവിതത്തിലേക്ക് വരുന്ന അവസരങ്ങളെ വേണ്ടെന്നു വയ്ക്കുന്ന ഒരാളെ ഒരിക്കലും എളിമയുള്ളവനായി പരിഗണിക്കാൻ സാധിക്കുകയില്ല. യഥാർത്ഥ ത്തിലുള്ള എളിമ ഒരു വ്യക്തിയെ, 'എന്റെ ഈ പ്രവർത്തി മറ്റുള്ളവർ എങ്ങിനെ വീക്ഷിക്കും?' എന്ന ചിന്തയിൽനിന്നും, പരാജയപ്പെട്ടാലുണ്ടാവുന്ന നാണക്കേ ടിനെക്കുറിച്ചുള്ള ആകുലതകളിൽ നിന്നുമൊക്കെ മോചിപ്പിക്കുന്ന ഒന്നാണ്. മറ്റുള്ളവരാൽ ശ്രദ്ധിക്കപ്പെടുവാനും, അവരുടെ പ്രീതിക്ക് പാത്രമാകുവാനും ശ്രമിക്കാതെ, താനാരാണെന്നും തന്റെ കഴിവുകൾ എന്തൊക്കെയാണെ ന്നുമുള്ള വ്യക്തവും സത്യസന്ധവുമായ അവബോധത്തോടുകൂടി ജീവിക്കു ന്നതാണ് എളിമ. ഇത്തരത്തിലുള്ള ഒരു വ്യക്തി തന്റെ പ്രവർത്തികളിലൂടെ സ്വയം മഹത്വപ്പെടുവാനല്ല ശ്രമിക്കുന്നത്. താനായിരിക്കുന്നതും തനിക്കുള്ള തുമെല്ലാം ദൈവം തന്നതാണെന്ന ബോധ്യത്തോടെ, എല്ലാ പ്രവർത്തികളിലും ദൈവത്തെ മഹത്വപ്പെടുത്തുവാനുള്ള ശ്രമമായിരിക്കണം എളിമയുടെ അടിസ്ഥാനം.

എളിമയുള്ള ഒരാൾക്ക് തന്നെ താനായിരിക്കുന്ന അവസ്ഥയിൽ മനസ്സിലാ ക്കുവാനും ഉൾക്കൊള്ളുവാനും കഴിയും. അതിനാൽ, പേരിനും പ്രശസ്തിക്കും സ്ഥാനമാനങ്ങൾക്കും പിന്നാലെ നെട്ടോട്ടമോടാതിരിക്കുവാനും അയാൾക്ക് സാധിക്കും. പോയ്മുഖങ്ങളില്ലാത്ത ഒരു ജീവിതം നയിക്കുന്നത് വഴി, സ്വാർത്ഥ താല്പര്യങ്ങൾ വെടിഞ്ഞ്, എല്ലാക്കാര്യങ്ങളിലും ആത്മാർത്ഥതയോടെ പ്രവർത്തിക്കുവാൻ അയാൾ സന്നദ്ധനായിരിക്കും. ഇങ്ങനെയുള്ള വ്യക്തികളെ തക്കവിധത്തിൽ തക്കസമയത്ത് ഉയർത്താൻ കഴിവുള്ളവനാണ് ദൈവം. ഇതിനുള്ള ഏറ്റവും നല്ല ഉദാഹരണം, 'ഇതാ കർത്താവിന്റെ ദാസി' എന്ന് പറഞ്ഞുകൊണ്ട് സ്വയം എളിമപ്പെടുത്തിയ പരിശുദ്ധ അമ്മയെ, 'ഇന്നുമുതൽ എല്ലാ ജനതകളും എന്നെ ഭാഗ്യവതി എന്നു പ്രഘോഷിക്കും' എന്ന അത്യുന്നതമായ നിലയിലേക്ക് ദൈവം ഉയർത്തിയതു തന്നെയാണ്

ദൈവ രാജ്യത്തിന്റെ മനോഹാരിതയെ പ്രതിപാദിക്കുന്ന വിരുന്നു കളുടെ ഉപമകൾ

ആഘോഷാവസരങ്ങളിൽ അതിനോടനുബന്ധിച്ചു വിരുന്നു നല്കുന്ന പതിവ് മനുഷ്യസംസ്കാരത്തിന്റെ തന്നെ ഒരു ഭാഗമാണ്. സുവിശേഷത്തിൽ ത്തന്നെ, യേശു ഒട്ടേറെ വിരുന്നുകളിൽ പങ്കെടുക്കുന്നതിനെക്കുറിച്ചുള്ള വിവരണങ്ങൾ ഉണ്ട്. ക്ഷണിക്കുന്ന വ്യക്തിയുടെ നിലയോ വിലയോ അവ സ്ഥയോ ഒന്നും യേശുവിനു വിരുന്നിൽ പങ്കെടുക്കുന്നതിനു തടസ്സമായി നിന്നിരു ന്നില്ല. സമൂഹത്തിലെ ഉന്നതർ മുതൽ പാപികളോടും ചുങ്കക്കാരോടുമൊപ്പം വരെ ഭക്ഷണം കഴിക്കാൻ യേശു സമയം കണ്ടെത്തിയിരുന്നു. ഇത് പലപ്പോഴും യഹൂദപ്രമാണികളിൽ ചിന്താകുഴപ്പം സൃഷ്ടിച്ചിരുന്നു. കാരണം അവർ വിരു ന്നിനു മറ്റുള്ളവരെ ക്ഷണിച്ചിരുന്നതും, മറ്റുള്ളവരുടെ വിരുന്നിൽ പങ്കെടുത്തി രുന്നതുമൊക്കെ പ്രധാനമായും സ്വാർത്ഥതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി ആയിരുന്നു.

യേശുവിനെ വിരുന്നിനു ക്ഷണിച്ച വ്യക്തിയുടെ മനോഗതം മനസ്സിലാ ക്കിയായിരിക്കണം യേശു അയാളെ ഉപദേശിച്ചത്. ഒട്ടേറെ അത്ഭുതങ്ങളിലൂ ടെയും മറ്റും സമൂഹത്തിൽ പേരെടുത്തിരുന്ന ഗലീലിയിൽ നിന്നുള്ള പ്രസി ദ്ധനായ ഗുരുവിനെ വിരുന്നിനു ക്ഷണിച്ചത് തീർച്ചയായും സമൂഹത്തിൽ അയാളുടെ പ്രശസ്തി വർദ്ധിപ്പിക്കുന്നതിന് വേണ്ടിയായിരുന്നിരിക്കണം. അതുപോലെ തന്നെ അവിടെ കൂടിയിരുന്ന എല്ലാവരും തന്നെ അയാളുമായി ബന്ധപ്പെട്ടവരോ കടപ്പെട്ടവരോ ആയിരുന്നിരിക്കണം. ഇതെല്ലാം തിരിച്ചറിഞ്ഞ യേശു തന്റെ ആതിഥേയനോടും, ഒപ്പം അയാളുടെ ചിന്താഗതിയുമായി സാമ്യ മുള്ള നാമോരോരുത്തരോടും പറയുന്നത്, നമ്മുടെ പ്രവൃത്തിയിലെ നിഷ് ഫലതയെക്കുറിച്ചാണ്. ലോകത്തിനു മുൻപിൽ ആളാവുന്നതിനും, അതുപോലെ മറ്റ് പ്രതിഫലേച്ഛയോടും കൂടി നമ്മൾ പ്രവർത്തിക്കുന്നതൊന്നും ദൈവത്തിന്റെ മുൻപിൽ വിലമതിക്കപ്പെടുന്നില്ല എന്ന സന്ദേശമാണ് ഈശോ നമുക്ക് തരുന്നത്. സൽപ്രവർത്തികൾ ചെയ്യുന്പോൾ നമ്മുടെ മനോവ്യാപാരം എന്താണ്? യേശുവിന്റെ കാലത്ത്, സമൂഹത്തിൽ തങ്ങൾക്കുള്ള സ്ഥാന മാനങ്ങളും സ്വാധീനവുമൊക്കെ വളർത്തുന്നതിനു വേണ്ടിയാണ് മിക്കവാറും ഇത്തരത്തിലുള്ള വിരുന്നുകൾ നൽകിയിരുന്നതെങ്കിൽ, രണ്ടായിരം വർഷ ങ്ങൾക്കു ശേഷവും വിരുന്നുകളെക്കുറിച്ചുള്ള കാഴ്ചപാടിൽ വലിയ മാറ്റമൊന്നും ഉണ്ടായിട്ടില്ല എന്നുതന്നെ പറയാൻ സാധിക്കും. ഇന്നും നമ്മിൽ ഒട്ടേറെപ്പേർ സദ്യയോ അത്താഴവിരുന്നോ നൽകുന്പോൾ അതിനെ സമൂഹത്തിൽ തങ്ങളുടെ പേരും പ്രശസ്തിയും വളർത്താനുള്ള ഉപാധിയായി കാണാറുണ്ട്

◆

Church Calendar



TO BE THE PERFEFT HOST

(NINTH SUNDAY AFTER PENTECOST, LUKE: 7-11)

Fr. Sajoie Samuel

When we are invited by someone to a wedding feast, do not sit down in a place of honor, lest someone more distinguished than us be invited by him, and he who invited us both will come and say to you, 'Give your place to this person,' and then you will begin with shame to take the lowest place. But when you are invited, go and sit in the lowest place, so that when your host comes, he may say to you, 'Friend, move up higher.' Then you will be honored in the presence of all who sit at table with you. For everyone who exalts himself will be humbled, and he who humbles himself will be exalted.

The guests were jostling for the best seats, seeking status and recognition. Jesus used this situation to teach about humility and the kingdom of God. Instead of seeking the best seat, Jesus advised humility: "Take the lowest place." If you exalt yourself, you'll be humbled; if you humble yourself, you'll be exalted. Philippians 2:3: "Think of others as better than yourselves."

I. VALUE OTHERS OVER YOURSELF BY AVOIDING PRIDE AND SELF PROMOTION

Throughout the Gospel, Jesus always portrayed Himself as the suffering servant. He who was a King, lived a life of a social outcast. Jesus never strived for glory on earth, but He made sure, His Father got all pride and honor. Time and again He reiterates to the people who followed Him that He and His Father are One. This feature He sees in His mother too. Of all her virtues, Mother Mary's humility stands out which made her the God bearer or Theotokos.

Jesus encourages humility. Rather than seeking the best seat, we should willingly take the lowest place. By doing this we are giving prominence to others and keepjng ourselves on the backfoot. Pride leads to embarrassment, but humility opens the door to honor. In our lives, we often strive for recognition and status. Yet, Jesus reminds us that true greatness lies in serving others and putting their needs before our own.

II. TRUE HONOR COMES FROM SERVING AND CONSIDERING OTHERS NEED

Hospitality is more than setting an elaborate table. It's about welcoming others with genuine warmth and kindness.

When we invite guests, we should not seek to impress them or gain favor. When Jesus started His ministry on earth, He never insisted on being honored. He attributed all glory to the Heavenly Father. Inspite of reading, meditating on these we are far from being humble in our earthy life. Instead, we should serve selflessly, without expecting anything in return.

But how are we to practice humility? Take the "lowest seat" metaphorically. Be willing to step back, listen, and learn. We need to keep a tab on our intentions. Our quest for greatness is the biggest victim that leads us to trouble. We also need to celebrate each others' successes genuinely, without envy. When we arrange our deeds in a way that glorify our Heavenly Father, we are extolled without even our knowledge. Mother Mary did not plan her life. She Let God do it. And when He did it for her, it was in a manner that none on earth could fathom.



We need to knowingly humble ourselves so as to be unknowingly exalted by God Almighty. Let us not bring forth our success by our own deeds. Instead let's put it on God. He has the ultimate wand that would deliver us from our liabilities that keep us bound to earth. God knows our wants and needs. He knows when we need our portion of grace. But when we force ourselves to earn earthly grace, it only results in us being taken to the grave.

III. BE A GOOD HOST ON EARTH TO BE A GUEST IN HEAVEN

Jesus reveals a divine principle: God exalts the humble and humbles the proud. The precepts followed in heaven are not like the ones followed on earth. Our culture often values self-promotion and ambition. However, God's economy operates differently. He honors those who prioritize humility and selflessness. That's why earthly honor is temporary whereas Heavenly honor is permanent. The former gives transient fame, but the latter gives eternal glory.

How can we be a gracious host? When hosting, focus on making guests feel valued. It's not about the grandeur of the event but the warmth of your welcome.

Show hospitality to strangers, remembering that some have entertained angels unawares (Hebrews 13:2). The case here is of Abraham who welcomed uncountable blessings without knowing it. Let's not forget the thumb rule: Be a good host on earth to be a wonderful guest in Heavenly feast.

To wind up, Luke 14:7-11 teaches us that true honor comes from a humble heart and authentic hospitality. As followers of Christ, let us embrace these principles, recognizing that God's economy values service over status. May we find joy in lifting others up, knowing that in doing so, we reflect the heart of our Savior.

◆